PALAKKAD
Rupatha Bulletin



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

## ഉള്ളടക്കം

ഇടയലേഖനം....03
വിജ്ഞാപനം....09
അസംബ്ലി മാർഗ്ഗരേഖ....11
Bishop's Engagement....15
From the Bishop's Office....16
പ്രസ്ബിറ്ററൽ കൗൺസിൽറിപ്പോർട്ട്....18
നിത്യാരാധനാ കപ്പേള....24
വിശ്വാസപരിശീലനവേദി....25
സ്റ്റാർസ്....33
ബൈബിൾ അപ്പോസ്റ്റലേറ്റ്....33
തിരുബാലസഖ്യം....34
അൾത്താരസംഘം....37
സി.എം.എൽ....38
കെ.സി.വൈ.എം....40
ജീസസ് യൂത്ത്.... 41
മാതൃസംഘം....42
പിതൃസംഘം....42
കുടുംബകൂട്ടായ്മ....42
ഫാമിലി അപ്പോസ്റ്റലേറ്റ്....44
സി. എൽ. സി....44
മദ്യവിരുദ്ധസമിതി....45
നവീകരണമുന്നേറ്റം....45
സെഹിയോൻ ധ്യാനകേന്ദ്രം....47
സെമിനാരി വാർത്തകൾ.... 48
പി. എസ്. എസ്. പി....49
കെ.എൽ.എം....52
From the Bishop's Diary....54

392/2013
27-08-2013

# ഇടയലേഖനം-125

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

1974 സെപ്റ്റംബർ എട്ടാം തീയ്യതി ഞായറാഴ്ചയാണ് പാലക്കാട് രൂപത ഉത്ഘാടനം ചെയ്യപ്പെട്ടത്. 2013 സെപ്റ്റംബർ എട്ടാം തീയ്യതി ഞായറാഴ്ച ദൈവാനുഗ്രഹത്തിന്റെ മുപ്പത്തിയൊമ്പത് വർഷങ്ങൾ നമ്മുടെ രൂപത പൂർത്തിയാക്കുകയാണ്. അതോടെ നമ്മുടെ രൂപതാസമൂഹം റൂബിജൂബിലി--നാല്പതാം--വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. രൂപതാകുടുംബത്തെ സംബന്ധിച്ചിടത്തോളം ഇത് സന്തോഷത്തിന്റെയും നന്ദിപ്രകാശനത്തിന്റെയും സ്വയം പുതുക്കലിന്റെയും അവസരമാണ്.

യാദൃശ്ചികമായിട്ടല്ല, വലിയൊരു ദൈവികപദ്ധതിയുടെ ഭാഗമായിട്ടാണ് 1974-ൽ രൂപത സ്ഥാപിതമായത്. കേരളത്തിലെ പാലക്കാട് ജില്ലയും തമിഴ്നാട്ടിലെ കോയമ്പത്തൂർ, ഈറോഡ്, കരൂർ, തിരുപ്പൂർ ജില്ലകളും ഉൾപ്പെടുന്നതായിരുന്നു രൂപതയുടെ വ്യാപ്തി. 2010-ൽ പാലക്കാട് രൂപത വിഭജിച്ച് തമിഴ്നാട്ടിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി രാമനാഥപുരം രൂപത രൂപീകരിച്ചത് ഈ രൂപതയുടെ വളർച്ചാ ഘട്ടത്തിലെ പ്രധാനപ്പെട്ട സംഭവമാണ്.

ഈ നാട്ടിലെ നാനാജാതി മതസ്ഥരോടും സകല സൃഷ്ടികളോടും (മർക്കോ 16:15) സുവിശേഷം പ്രസംഗിക്കാൻ വേണ്ടിയാണ് പ്രാഥമികമായി രൂപത സ്ഥാപിതമായത്. ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും കരുണയുടെയും ജീവിക്കുന്ന സാക്ഷികളായി





നമ്മൾ മാറുകയും അവ ഏവർക്കും ലഭ്യമാക്കുകയുമാണ് രൂപതാംഗങ്ങളായ നമ്മുടെ കടമ. ഇതിന്റെ ബാഹ്യചിഹ്നമാണ് ഈ നാട്ടിൽ പലയിടങ്ങളിലായി ഉയർന്നുവന്നിട്ടുള്ള ദൈവാലയങ്ങളും കപ്പേളകളും ക്രൈസ്തവ സ്ഥാപനങ്ങളും സന്യാസഭവനങ്ങളും സർവ്വോപരി ക്രിസ്തീയ മുദ്രപേറുന്ന കുടുംബങ്ങളും. ക്രിസ്തുവിനെ കർത്താവും രക്ഷകനുമായി സ്വീകരിച്ച് ജീവിക്കുന്ന വിശ്വാസസമൂഹം ഇവിടെയുണ്ട് എന്നതിന്റെ സജീവ സാക്ഷ്യങ്ങളാണ് ഇവയെല്ലാം.

ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും പ്രാദേശിക വിശ്വാസസമൂഹത്തിന്റെ ഭാഗമായാണ് തങ്ങളുടെ വിശ്വാസജീവിതം നയിച്ചിട്ടുള്ളത്. വിശ്വാസികൾ ഒറ്റയ്ക്കല്ല സമൂഹമായാണ് ക്രിസ്തുവിനെ അനുഗമിക്കുന്നത്. ആദിമസഭാ വിശ്വാസികളെക്കുറിച്ച് അപ്പസ്തോലന്മാരുടെ നടപടി പുസ്തകം പറയുന്നതിങ്ങനെയാണ്: “വിശ്വസിച്ചവർ ഒറ്റ സമൂഹമായിത്തീർന്നു” (2:44). തന്നിൽ വിശ്വസിക്കുന്നവർ ഒന്നായിരിക്കണമെന്നാണല്ലോ ഈശോ ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും (യോഹ. 17:21-23). നമ്മെ സംബന്ധിച്ചിടത്തോളം നാം അംഗങ്ങളായിരിക്കുന്ന പ്രാദേശികസഭയാണ് പാലക്കാട് രൂപത.

കേരളത്തിലെ രൂപതകളിൽ അംഗസംഖ്യയിൽ താരതമ്യേന ചെറുതാണ് നമ്മുടെ രൂപത. 87 ഇടവകകളിലും 36 സ്റ്റേഷൻ പള്ളികളിലുമായി 56827 വിശ്വാസികൾ അടങ്ങുന്നതാണ് നമ്മുടെ രൂപതാസമൂഹം. നമുക്ക് സ്ഥാപനങ്ങൾ അധികമില്ല; വമ്പൻ പ്രസ്ഥാനങ്ങളുമില്ല. പക്ഷേ ഇതിൽ ആശങ്കപ്പെടാനൊന്നുമില്ല. സമൂഹത്തിന്റെ ആൾബലം നോക്കിയല്ല ദൈവം പ്രവർത്തിക്കുന്നത് (നിയമ.7:6-7). ഈശോയുടെ വാക്കുകളാണ് നമ്മുടെ ബലം. “ചെറിയ അജഗണമേ ഭയപ്പെടേണ്ട. എന്തെന്നാൽ നിങ്ങൾക്ക് രാജ്യം നല്കാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു‘‘ (ലൂക്ക 12:32). ദൈവപിതാവ് ദാനമായി നല്കുന്ന ദൈവരാജ്യം സ്വീകരിക്കുവാൻ നാം ഒരുങ്ങുകയാണ് വേണ്ടത്. ഏതു രൂപതയുടെയും വളർച്ചയുടെ മാനദണ്ഡം അതു എന്തുമാത്രം സുവിശേഷാരൂപിയിലുള്ള വിശ്വാസസമൂഹമായി മാറിക്കൊണ്ടിരിക്കുന്നു എന്നതാണ്. സുവിശേഷാരൂപിയിൽ ജീവിക്കാൻ ശ്രമിക്കുന്ന അനേകം വ്യക്തികളും കുടുംബങ്ങളും ഇടവകകളുമാണ് നമ്മുടെ രൂപതയുടെ അനശ്വരമായ ആസ്തി. നന്നായി പ്രാർത്ഥിക്കുന്ന, ഉത്തമ ക്രിസ്തീയജീവിതം നയിക്കുന്ന വിശുദ്ധരായ വ്യക്തികളാണ് ഈ രൂപതയുടെ സ്വർഗ്ഗീയ മൂലധനം.

വെളിപാടുപുസ്തകം രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഏഴു സഭകളെ ദൈവത്തിന്റെ ആത്മാവ് വിലയിരുത്തുന്നുണ്ട്. ആ സഭകളുടെ ഗുണങ്ങൾ എടുത്തുപറയുന്നതോടൊപ്പം; അവയുടെ പരാജയങ്ങളും കാണിക്കുന്നുണ്ട്. ഈ വിലയിരുത്തലിന്റെ മാനദണ്ഡം ആ സഭകൾ എന്തുമാത്രം സുവിശേഷാരൂപിയിൽ വ്യാപരിക്കുന്നു എന്നതാണ്. അല്ലാതെ ബാഹ്യമായ കാര്യങ്ങളൊന്നുമല്ല. ഇതുതന്നെയാണ് എക്കാലത്തെയും പ്രാദേശികസഭകൾക്കും ബാധകം; നമ്മുടെ രൂപതയ്ക്കും ബാധകം. അതുകൊണ്ട് രൂപതാസമൂഹം ആത്മീയ വിലയിരുത്തലിനു തയാറാകാനാണ് നാം റൂബിജൂബിലി ആഘോഷിക്കുന്നത്. വാസ്തവത്തിൽ, പത്തു കൊല്ലത്തിനുശേഷം വരാൻ പോകുന്ന രൂപതയുടെ സുവർണ്ണജൂബിലിക്കുള്ള തയാറെടുപ്പാണ് റൂബിജൂബിലികൊണ്ട് അർത്ഥമാക്കുന്നത്.

മേളക്കൊഴുപ്പും ആർഭാടവും ചെലവേറിയതുമായ ആഘോഷപരിപാടികളൊന്നും റൂബിജൂബിലിയ്ക്ക് നമ്മൾ ഉദ്ദേശിക്കുന്നില്ല. ജൂബിലിവർഷം ആഘോഷിക്കണമെന്നല്ല, മറിച്ച് ആ വർഷത്തെ വിശുദ്ധീകരിക്കണം എന്നതായിരുന്നു ദൈവകല്പന (ലേവ്യർ 25:10). രൂപതയെന്ന വിശ്വാസ സമൂഹത്തിന് കൂടുതൽ വിശുദ്ധമായും തീക്ഷ്ണമായും സുവിശേഷം ജീവിക്കാനുള്ള ഒരുക്കമാണ് ഈ ജൂബിലിയാചരണം കൊണ്ട് പ്രധാനമായും നാം ലക്ഷ്യമാക്കുന്നത്.

ഈ വരുന്ന സെപ്തംബർ എട്ടിന് എല്ലാ ഇടവകകളിലും തിരിതെളിച്ച് ജൂബിലിക്ക് ആരംഭം കുറിക്കണം. ഈ വർഷംമുഴുവനും വിശുദ്ധ കുർബ്ബാനയിൽ രൂപതയ്ക്കുവേണ്ടിയുള്ള പ്രത്യേകപ്രാർത്ഥന കാറോസുസയുടെ ഭാഗമായി ചൊല്ലണം. ജൂബിലിവർഷത്തിൽ നാം നടത്താനുദ്ദേശിക്കുന്ന പ്രധാനകാര്യം രൂപതാ അസംബ്ലിയാണ് (eparchial assembly). ഇങ്ങനെയൊരു അസംബ്ലി നാം ഇതുവരെയും നടത്തിയിട്ടില്ല. 2014 നവംബർ അവസാന ആഴ്ചയിൽ മൂന്നുദിവസം നീണ്ടുനില്ക്കുന്നതായിരിക്കും അസംബ്ലി പരിപാടികൾ. രൂപതയുടെ ചരിത്രത്തെയും വർത്തമാനകാലത്തെയും വിലയിരുത്തി ഭാവിയിലേയ്ക്കുവേണ്ട അജപാലനപരിപാടികൾ ആസൂത്രണം ചെയ്യുകയാണ് അസംബ്ലിയുടെ പ്രധാന ലക്ഷ്യം. ഇതിൽ ഏതാനുംപേർക്കേ പങ്കെടുക്കാൻ അവസരമുണ്ടാകുകയുള്ളൂ. എങ്കിലും ഇതിൽ പരിഗണിക്കപ്പെടുന്ന വിഷയങ്ങളെല്ലാം അസംബ്ലി നടക്കുന്നതിനുമുമ്പേ ഇടവക,





ഫൊറോന തലങ്ങളിൽ ചർച്ചചെയ്ത് അഭിപ്രായങ്ങൾ സ്വീകരിക്കുന്നതാണ്. അതെക്കുറിച്ച് വേണ്ട കാര്യങ്ങളെല്ലാം യഥാസമയം നിങ്ങളെ അറിയിക്കുന്നതാണ്. മൂന്നുവർഷത്തിലൊരിക്കൽ നടത്തുന്ന രൂപതാദിനാഘോഷവും റൂബി ജൂബിലി സമാപനവും വിശ്വാസവർഷാചരണത്തിന്റെ രൂപതാതലസമാപനവും മതാദ്ധ്യാപകദിനത്തോടനുബന്ധിച്ച് 2014 ഒക്ടോബർ 2-ന് കത്തീഡ്രൽ അങ്കണത്തിൽ നടത്തുന്നതാണ്.

ഈ ജൂബിലിവത്സരത്തിൽ നമ്മുടെ കുടുംബങ്ങൾ നവീകരിക്കപ്പെടണം. കുടുംബത്തിൽ ദൈവവിശ്വാസവും പരസ്പരധാരണയും വർദ്ധമാനമാകണം; ബന്ധങ്ങൾ ഊഷ്മളമാകണം. കുട്ടികളെ വളർത്തുന്ന കാര്യത്തിൽ മാതാപിതാക്കൾക്ക് നല്ല പരിശീലനം ലഭിക്കണം. കുടുംബനവീകരണത്തിന്റെ ഭാഗമായി എല്ലാ ഇടവകകളിലും ഈ വർഷം 'ഹോം മിഷൻ' നടത്തേണ്ടതാണ്. അതിനുവേണ്ടി പരിശീലനം സിദ്ധിച്ച സന്യസ്തരുടേയും അത്മായരുടേയും ടീമുകൾ സജ്ജമായിട്ടുണ്ട്. നമ്മുടെ കുടുംബപ്രേഷിതകാര്യാലയമാണ് ഈ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നത്.

കാരുണ്യപ്രവാഹത്തിന്റെ കാലമായിട്ടാണ് പഴയനിയമം ജൂബിലിയാഘോഷത്തെ അവതരിപ്പിച്ചിട്ടുള്ളത് (ലേവ്യർ 25:33-35). റൂബിജൂബിലിയുടെ ഭാഗമായി നമ്മൾ കൂടുതൽ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. എല്ലാ ഇടവകകളും പാവപ്പെട്ടവർക്കായി ഈ വർഷം ഒരു വീടെങ്കിലും നിർമ്മിച്ച് നല്കണം. വിവാഹ സഹായ നിധി ഇല്ലാത്ത ഇടവകകൾ അത് ആരംഭിക്കണം. ഉള്ളവ കാര്യക്ഷമമാക്കണം. മദ്യവർജ്ജന പ്രസ്ഥാനം ഫലപ്രദമാക്കണം. തൊഴിലധിഷ്ഠിത വിദ്യാഭാസത്തിലേക്ക് നമ്മുടെ യുവജനങ്ങളെ ഇനിയും എത്തിക്കേണ്ടതുണ്ട്. അതിനവരെ ഇടവകാടിസ്ഥാനത്തിൽ കഴിയുംവിധം സഹായിക്കണം. നമുക്കറിയാമല്ലോ, എല്ലാവർഷവും വേനൽക്കെടുതി ഏറ്റവുമധികം അനുഭവിക്കുന്ന ജില്ലകളിലൊന്നാണ് പാലക്കാട്. അതിനാൽ ഓരോ പ്രദേശത്തിനും ഇണങ്ങുന്ന പ്രകൃതിസംരക്ഷണ പരിപാടികൾ നമ്മുടെ ഇടവകകളിൽ ആസൂത്രണം ചെയ്യണം. ഇതിന് പഞ്ചായത്ത്-നഗരസഭകളുടെ പിന്തുണയും ഉറപ്പാക്കണം. മരങ്ങൾ വച്ചുപിടിപ്പിക്കുന്നതും വീടുകളിൽ അടുക്കളത്തോട്ടം ഉണ്ടാക്കുന്നതും ജലസംരക്ഷണം നടത്തുന്നതുമെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ട്. ഈ

മേഖലയിൽ നമ്മുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായിട്ടില്ല എന്ന കാര്യം ഖേദപൂർവ്വം നമ്മൾ തിരിച്ചറിയണം.

നമ്മുടെ രൂപത ഒറ്റതിരിഞ്ഞല്ല പ്രവർത്തിച്ചുപോരുന്നത്. ആഗോള സഭയുടെ കൂട്ടായ്മയിൽ സീറോ-മലബാർ സഭയിലെ മറ്റു രൂപത കളോടു ചേർന്നാണ് നാം നിലനില്ക്കുന്നത്. അതോടൊപ്പം കേരള ത്തിലെ ലത്തീൻ, സീറോ-മലങ്കര സഭകളോടും ഐക്യപ്പെട്ടാണ് നമ്മുടെ പ്രവർത്തനങ്ങൾ. അകത്തോലിക്കാ സഭകളുമായും നല്ല ബന്ധത്തിലാണ് നമ്മൾ നീങ്ങുന്നത്. അതോടൊപ്പം ഇവിടെയുള്ള മറ്റുമതസ്ഥരായ എല്ലാ സഹോദരങ്ങളോടും നല്ലബന്ധം നിലനിർത്തു വാനും ശക്തിപ്പെടുത്തുവാനും ഇടവകതലത്തിൽ നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

രൂപത നാല്പതാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ അവസര ത്തിൽ വിശുദ്ധ പൗലോസിന്റെ അതേവികാരവായ്പോടെ രൂപതാംഗ ങ്ങളായ നിങ്ങളെ പ്രതി ദൈവത്തിനു ഞാൻ നന്ദി പറയുന്നു (1 കൊറി 1:4). നമ്മുടെയിടയിൽ വിവിധ ശുശ്രൂഷകൾ ചെയ്തിട്ടുള്ളവരും ചെയ്യു ന്നവരുമായ മതാധ്യാപകർ, കൈക്കാരന്മാർ, കമ്മറ്റിക്കാർ, ധ്യാനശു ശ്രൂഷകർ, ദേവാലയശുശ്രൂഷികൾ, അൾത്താരബാലന്മാർ, ഗായക സംഘാംഗങ്ങൾ, സംഘടനാഭാരവാഹികൾ, രൂപതാസ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ എന്നിവർക്കെല്ലാം രൂപതാസമൂഹത്തിന്റെ പേരിൽ നന്ദിപറയട്ടെ. ദൈവജനശുശ്രൂഷക്കായി ജീവിതം സമർപ്പിച്ച വൈദിക സഹോദരങ്ങൾക്കും സന്യാസിനീ-സന്യാസികൾക്കും എന്റെ ഹൃദയംഗമായ കൃതജ്ഞത. രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും സാമ്പത്തികസഹായം നല്കുകയും ചെയ്യുന്ന എല്ലാവർക്കും സകലത്തിന്റെയും നാഥനായ ദൈവം പ്രതിഫലം കൊടുക്കട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുന്നു.

രൂപതാസ്ഥാപനം മുതൽ ഇരുപതുവർഷം രൂപതയെ സുവിശേഷാ രൂപിയിൽ നയിച്ച, രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ ജോസഫ് ഇരിമ്പൻ പിതാവിനെ നമുക്ക് നന്ദിയോടെ ഓർക്കാം. അദ്ദേഹത്തിന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യം രൂപതയ്ക്ക് എന്നും തുണയായിരിക്കട്ടെ. രൂപതയിൽ ശുശ്രൂഷചെയ്തശേഷം നിത്യസമ്മാ നത്തിനായി കടന്നുപോയ വൈദികർക്കും സന്യസ്തർക്കും അത്മാ യർക്കും ഈ അവസരത്തിൽ സ്മരണാഞ്ജലി അർപ്പിക്കുന്നു.





പാലക്കാട് രൂപതയിൽ ശുശ്രൂഷ ചെയ്യാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന എനിക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

വിശുദ്ധ പൗലോസ് പഠിപ്പിക്കുന്നതുപോലെ: "നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശു ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ് നമ്മൾ"(എഫേ. 2:10). ദൈവിക പദ്ധതിപ്രകാരം ജന്മമെടുത്ത ഈ രൂപതമൂലം ഇന്നാട്ടിലും നമ്മുടെ സഭയിലും സംഭവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന അനേകം നന്മ കളുണ്ട്. അവ തിരിച്ചറിയാൻ നമുക്ക് കഴിയണം; അവയോട് സഹകരിക്കാനും നമുക്ക് സാധിക്കണം. അതിന് സഹായിക്കു ന്നതാകട്ടെ ഈ ജൂബിലിവത്സരം. അതിനു രൂപതാ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ പ്രാർത്ഥനാസഹായം നമുക്കുതേടാം. രൂപതയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങൾ പൂർത്തിയാകു ന്നതിനുവേണ്ടി പരിശുദ്ധ മറിയത്തോട് നമുക്ക് പ്രാർത്ഥിക്കാം: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് നമ്മൾ യോഗ്യരാകുവാൻ സർവ്വേശ്വരന്റെ പരിശുദ്ധ മാതാവും, വി. യൗസേപ്പിതാവും, നമ്മുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **2013 സെപ്തംബർ 8-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതും തിരിതെളിച്ച് ജൂബിലി ഉദ്ഘാടനം ചെയ്യേണ്ടതുമാണ്.

393-2013
27.08.2013

# വിജ്ഞാപനം - 117

വന്ദ്യ സഹോദര വൈദികരേ,

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം 2013 സെപ്തംബർ 9-ാം തിയ്യതി തിങ്കളാഴ്ച വൈകുന്നേരം 6.30 മണിക്ക് ആരംഭിച്ച് 14-ാം തീയതി ശനിയാഴ്ച രാവിലെ അവസാനിക്കുന്നതാണ്. പതിവുപോലെ യുവക്ഷേത്രയിൽ വെച്ചാണ് ധ്യാനം നടക്കുന്നത്. ധ്യാനം അനുഗ്രഹപ്രദമാകുന്നതിന് നമ്മൾ പ്രാർത്ഥിക്കുകയും ജനങ്ങളുടെ പ്രാർത്ഥനാസഹായം തേടുകയും വേണം. ധ്യാനം നയിക്കുന്ന ബഹു. ജോൺ പുതുക്കുളം അച്ചനുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.

**ധ്യാനത്തിനുവരുമ്പോൾ കൊണ്ടുവരേണ്ടവ:**

- കുർബാന കണക്കുപുസ്തകം.
- കുമ്പസാര അനുവാദപത്തേന്തി.
- ബൈനേഷൻ ട്രൈനേഷൻ കണക്കുകൾ.
- രൂപതാ വൈദികർ വൈദികക്ഷേമനിധിയിലേക്ക് ചൊല്ലിയ കുർബാനകളുടെ കണക്ക്.

രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. രൂപതയിൽ സേവനം ചെയ്യുന്ന മറ്റു വൈദികർ ഈ ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം മുൻകൂട്ടി രൂപതാകച്ചേരിയിൽ അറിയിക്കേണ്ടതാണ്.

യേശുവിൽ വിശ്വസിക്കുന്നവർ “തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനവും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്” (2 പത്രോ. 2:9). ഈ ജനത്തിന് ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട നമ്മൾ യേശുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിലും പങ്കുപറ്റുന്നു.

പുതിയ നിയമത്തിലെ പുരോഹിതർ ശുശ്രൂഷയുടെ പുരോഹിതരാണ്. ക്രിസ്തു അരുളിചെയ്തു: “എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ. അപ്പോൾ, ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും” (യോഹ. 12:26). വി.





പൗലോസ് പറയുന്നു. “ദൈവത്തിന്റെ കൃപാവരത്താൽ ഞാൻ ഈ സുവിശേഷത്തിന്റെ ശുശ്രൂഷകനായി” (എഫേ. 3:7). “നിങ്ങൾക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ വിശ്വസ്തനായ ശുശ്രൂഷകനാണ് അവൻ” (കൊളോ. 1:7). “എന്നെ ശക്തിപ്പെടുത്തുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന് ഞാൻ നന്ദിപറയുന്നു. എന്തെന്നാൽ, തന്റെ ശുശ്രൂഷക്കായി എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വസ്തനായി കണക്കാക്കി” (1 തിമോ. 1-12). “അവിടുന്നു ഞങ്ങളെ എഴുതപ്പെട്ട നിയമത്താലല്ല, ആത്മാവിനാൽ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരാക്കിയിരിക്കുന്നു” (2 കൊറി 3:6).

ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് നമ്മെ വിളിച്ച കർത്താവ് തന്റെ പൗരോഹിത്യത്തിലൂടെ ശുശ്രൂഷയുടെ പാഠങ്ങൾ നമ്മെ പഠിപ്പിക്കുകയും ചെയ്തു. നാം ശുശ്രൂഷയ്ക്കുവേണ്ടിയാണ് അഭിഷിക്തരാകുന്നതെന്നും പ്രസ്തുത ശുശ്രൂഷ യേശു നിർവഹിച്ചതുപോലെ നിർവഹിക്കേണ്ടവരാണെന്നും തിരുപ്പട്ട ദാനശുശ്രൂഷ പലപ്രാവശ്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. ഇടയശ്രേഷ്ഠനായ പത്രോസ് ശ്ലീഹാ നമുക്കു തത്സംബന്ധമായി നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്: “നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെ പ്രതി സന്മനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തികൊണ്ടായിരിക്കരുത്, സന്മാതൃക നൽകികൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്ക് ലഭിക്കും” (1 പത്രോ. 5:2-4).

ധ്യാനാവസരത്തിൽ ഇക്കാര്യം നമ്മുടെ സവിശേഷമായ പരിചിന്തനത്തിന് വിഷയീഭവിപ്പിക്കുകയും ദൈവജനത്തിനുവേണ്ടി ക്രിസ്തുവിന്റെ വിശ്വസ്തരായ ശുശ്രൂഷകരായിത്തീരാനുള്ള കൃപയ്ക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാം.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

## പാലക്കാട് രൂപത
## പ്രഥമ എപ്പാർക്കിയൽ അസംബ്ലി മാർഗ്ഗരേഖ*

**Art. I.** ഉദ്ദേശ്യം: (വിശ്വാസപരിശീലനത്തിലൂടെ സഭയുടെ നവീകരണം സാദ്ധ്യമാക്കുവാൻ രൂപതയിലെ വ്യക്തികൾ, കുടുംബങ്ങൾ, ഇടവകകൾ, സമൂഹങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയെ ക്രൈസ്തവ വിശ്വാസസത്യങ്ങളുടെ വെളിച്ചത്തിൽ നവീകരിച്ചു രൂപതയെ സ്നേഹസമൂഹമാക്കുവാൻ രൂപതാദ്ധ്യക്ഷനെ സഹായിക്കുകയാണ് എപ്പാർക്കിയിൽ അസംബ്ലിയുടെ ലക്ഷ്യം (**CCEO.c.**238)

**Art. II.** രൂപതയോഗം വിളിച്ചുകൂട്ടുന്നതും അധ്യക്ഷതവഹിക്കുന്നതും രൂപതാദ്ധ്യക്ഷനാണ്.

**Art. III.** പങ്കെടുക്കുന്നവർ: രൂപതായോഗത്തിൽ പങ്കെടുക്കുന്നവർ മൂന്നു ഗണത്തിൽപ്പെടുന്നു. 1. ഔദ്യോഗിക പദവിയുള്ളവർ (Exofficio), 2. തിരഞ്ഞെടുക്കപ്പെടുന്നവർ (Elected), 3.നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ (Nominated).

1.ഔദ്യോഗിക പദവിയുള്ളവർ (Exofficio)

a. വികാരി ജനറാൾ

b. ജുഡീഷൽ വികാരി

c. പ്രോക്കുറേറ്റർ

d. രൂപത ആലോചന സമിതി അംഗങ്ങൾ

e. ഫൊറോന വികാരിമാർ

f. രൂപതയിൽ പ്രവിശ്യകളുള്ള സമർപ്പണ ജീവിതസമൂഹങ്ങളുടെ ശ്രേഷ്ഠന്മാർ

2. തിരഞ്ഞെടുക്കപ്പെടുന്നവർ (Elected)

a.ഫൊറോനയിൽനിന്നും വൈദികഗണത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ

b.വൈദിക സമിതിയിൽ തിഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ

c.പാസ്റ്ററൽ കൗൺസിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ആത്മായ പ്രതിനിധികൾ

*പൗരസ്ത്യ കാനൻ നിയമം 235-242 വരെയുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ രൂപതായോഗം സംഘടിപ്പിക്കാനായ് ക്രമീകരിച്ചിരിക്കുന്ന പ്രത്യേക നിയമങ്ങളാണ് (Particular Law) മാർഗ്ഗരേഖ എന്ന പേരിൽ അറിയപ്പെടുന്നത്.





d.പ്രവിശ്യകളില്ലാതെ രൂപതയിൽ ഭവനങ്ങളുള്ള സമർപ്പിത ജീവിത സമൂഹങ്ങളുടെ (Men & Women Religious) പ്രതിനിധികൾ

3.നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ (Nominated)

വൈദികരിൽ നിന്നും ആത്മായരിൽ നിന്നും വിദഗ്ദരിൽനിന്നും രൂപതാദ്ധ്യക്ഷൻ മാർഗ്ഗരേഖ അനുശാസിക്കുന്ന രീതിയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടുന്നവർ.

**Art.IV.** പങ്കെടുക്കുന്നവരുടെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് പ്രത്യേക നയമങ്ങൾ:

1.ഔദ്യോഗിക പദവിയുള്ളവർ (Exofficio) ഔദ്യോഗിക പദവിയുള്ളവർ ആ പദവിയാൽത്തന്നെ യോഗത്തിലെ അംഗങ്ങളാണ്. ഇവർക്ക് പകരക്കാരെ നിയമിക്കാൻ പാടില്ല.

2. തിരഞ്ഞെടുക്കപ്പെടുന്നവർ (Elected)*

a. ഫൊറോന വൈദികപ്രതിനിധികൾ: ഒരു ഫൊറോനയിൽ നിന്നും ഒരു വൈദികപ്രതിനിധിയെന്നു നിജപ്പെടുത്തുന്നു. ഓരോ ഫോറോനയിലും ഫോറോന വികാരിയുടെ അദ്ധ്യക്ഷതയിൽ ഫോറോന പ്രതിനിധിയെ തിരഞ്ഞെടുക്കണം. പ്രതിനിധി ഇടവക വികാരിയായിരിക്കണം (238.6). ഏതെങ്കിലും കാരണവശാൽ പ്രതിനിധിക്ക് യോഗത്തിൽ പങ്കെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ അതിനുവേണ്ടി പകരക്കാരനെക്കൂടി തിരഞ്ഞെടുക്കണം.

b.വൈദികസമിതി പ്രിതിനിധികൾ: വൈദികസമിതി ഒരുമിച്ചുകൂടി തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ എണ്ണം അഞ്ചായി നിജപ്പെടുത്തുന്നു.

c.പാസ്റ്ററൽ കൗൺസിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രിതിനിധികൾ. കൂടുതൽ പ്രായോഗികതക്കുവേണ്ടി ഫൊറോന പാസ്റ്ററൽ കൗൺസിൽ നിന്നായിരിക്കും പ്രതിനിധികളെ തിരഞ്ഞെടുക്കുക. ഒരു ഫൊറോനയിൽ നിന്നു ഒരു പ്രതിനിധിയെന്നു നിജപ്പെടുത്തുന്നു. ഇത് തിരഞ്ഞെടുക്കേണ്ടത് ഫൊറോന വികാരിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ നിന്നായിരിക്കും.

d. പ്രവിശ്യകളില്ലാതെ രൂപതയിൽ ഭവനങ്ങളുള്ള സമർപ്പിതജീവിത സമൂഹങ്ങളുടെ പ്രതിനിധികൾ: രണ്ടു ഗണത്തിലുംപെട്ട (Men & Women Religious) സമർപ്പിതസമൂഹങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെ

*തിരഞ്ഞെടുപ്പ് യോഗത്തിന് ക്വാറം ആവശ്യമില്ല.

ടുക്കുന്നു. Men Religious സമൂഹങ്ങളിൽ നിന്നു നാലു പ്രതിനിധികൾ, അതിലൊന്നു Brotherhoodൽ നിന്ന്. സന്യാസിനി സമൂഹങ്ങളിൽ (Women Religious) നിന്നു അഞ്ചുപേരെയും തിരഞ്ഞെടുക്കണം. ഇവരുടെ Superiers ന്റെ യോഗത്തിൽവച്ചായിരിക്കണം തിഞ്ഞെടുപ്പ് നടത്തേണ്ടത്.

3.നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ (Nominated): രൂപതാദ്ധ്യക്ഷനാണ് ഇവരെ നാമനിർദ്ദേശം ചെയ്യുന്നത്. അൽമായർ, വൈദികർ, വിദഗ്ദർ എന്നീ മൂന്ന് ഗണങ്ങളിലേക്കാണ് നാമനിർദ്ദേശം ചെയ്യേണ്ടത്. ഈ മാർഗ്ഗരേഖ ഇവരുടെ എണ്ണം വൈദികർ അഞ്ച്, അത്മായർ പത്ത്, വിദഗ്ദർ അഞ്ച് എന്നിങ്ങനെ നിജപ്പെടുത്തുന്നു.

**Art.V.** അത്മായരുടെ പങ്കാളിത്തം:

a. യോഗത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ മൂന്നിലൊന്നിൽ കൂടുതൽ അത്മായർ ഉണ്ടാകാൻ പാടില്ല.

b. വനിതാ സാന്നിധ്യം ഉറപ്പാക്കണം.

**Art.VI.** വ്യത്യസ്ത കമ്മീഷനുകൾ:

a. സെൻട്രൽ കമ്മീഷൻ (രൂപതാദ്ധ്യക്ഷൻ തന്റെ വിവേചനാധികാരം ഉപയോഗിച്ച് രൂപം കൊടുക്കുന്നു. എപ്പാർക്കിയിൽ അസംബ്ലിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും രൂപതാദ്ധ്യക്ഷന് വിധേയമായി ഈ കമ്മീഷൻ നേതൃത്വം നൽകുന്നു. ഈ കമ്മീഷനിലെ അംഗങ്ങളെ നിശ്ചയിക്കുക, അവരുടെ എണ്ണം നിജപ്പെടുത്തുക അവരുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക, ആവശ്യമെങ്കിൽ പുതിയ അംഗങ്ങളെ ചേർക്കുക, ഉള്ളവരെ നിഷ്കാസനം ചെയ്യുക തുടങ്ങിയ അധികാരങ്ങൾ രൂപതാദ്ധ്യക്ഷന്റേതാണ്.)

b. സബ് കമ്മീഷൻ: അസംബ്ലിക്കുള്ള ഒരുക്കങ്ങൾ നടത്തുക, യോഗത്തിൽ ചർച്ചചെയ്യാനുള്ള വിഷയങ്ങളും ചോദ്യാവലികളും തയ്യാറാക്കുക എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി രൂപതാദ്ധ്യക്ഷൻ സബ്-കമ്മീഷനുകൾ സ്ഥാപിക്കുന്നു. പഠനത്തിനും വിലയിരുത്തലിനുമായി ക്രിയാതമക പരിപാടികൾ സെന്ററൽ കമ്മീഷന്റെ അംഗീകാരാത്തോടുകൂടി രൂപംനല്കി നടപ്പിലാക്കുക. ഏല്പ്പിക്കപ്പെടുന്ന വിഷയങ്ങൾ കൈകാര്യംചെയ്ത് റിപ്പോർട്ടും ചർച്ചയ്ക്കുള്ള വിഷയങ്ങളും സമർപ്പിച്ചുകഴിഞ്ഞാൽ കമ്മീഷനുകൾ ഇല്ലാതാകുന്നു.

**Art.VII.** എപ്പാർക്കിയൽ അസംബ്ലിയുടെ നടപടിക്രമങ്ങൾ:

1. അജണ്ട നിശ്ചയിക്കൽ: രൂപത നല്ലരീതിയൽ വളരണമെന്ന് ചിന്തി





ക്കുന്ന, ഉൾക്കാഴ്ച്ചയും തുറവിയുമുള്ള വിവിധ ശ്രേണിയിലുള്ള ആളുകളെ ക്ഷണിച്ച്, രൂപതയെപറ്റിയും, വ്യത്യസ്ഥ ശുശ്രൂഷകളെപ്പറ്റിയും ദർശനം നല്കുന്ന രീതിയിൽ ഒരു പ്രഭാഷണം നല്കി, അവരെ പല ഗ്രൂപ്പുകളായി തിരിച്ച് അഭിപ്രായരൂപീകരണത്തിനായ് ചർച്ചകൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പുകളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചതിനുശേഷം സെൻട്രൽ കമ്മീഷനെ ഏല്പ്പിക്കുന്നതോടുകൂടി ഈ ടീമിന്റെ ജോലി അവസാനിക്കുന്നു.

2. ആദ്ധ്യാത്മിക ഒരുക്കം: എപ്പാർക്കിയിൽ അസംബ്ലി രൂപതയിലെ മുഴുവൻ വിശ്വാസികളുടെയും നവീകരണം ലക്ഷ്യം വച്ചുള്ളതായതുകൊണ്ട് ആത്മീയമായി വിശ്വസികളെ ഒരുക്കണം. യോഗത്തിന്റെ വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണം. ഇതിനായി:

1. രൂപതയിലെ ഇടവകകളിൽ നിന്നും സംഘടനാപ്രതിനിധികൾ നിശ്ചയിക്കപ്പെട്ട് കൊടുക്കുന്ന ദിവസങ്ങളിൽ നിത്യാരാധനാ കേന്ദ്രത്തിൽ വന്ന് ആരാധന നടത്തുക.

2. ജനുവരി മുതൽ അഖണ്ഡ ആരാധന: നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസ-സന്യാസിനി ഭവനങ്ങളിലും നിശ്ചയിക്കപ്പെടുന്ന ദിവസങ്ങളിൽ 13 മണിക്കൂർ ആരാധനയോ 1 മണിക്കൂർ ആരാധനയോ നടത്തുക.

3. എപ്പാർക്കിയിൽ അസംബ്ലിയുടെ വിജയത്തിന് പരി. അമ്മയുടെ മാദ്ധ്യസ്ഥംതേടി എല്ലാ ഇടവകകളിലും ഏതെങ്കിലും ഒരു ശനിയാഴ്ച കാലത്ത് 10 മണി മുതൽ 4 മണിവരെ അഖണ്ഡ ജപമാല നടത്തുക.

4. നമ്മുടെ എല്ലാ കുടുംബങ്ങളിലും കുടുംബപ്രാർത്ഥനയ്ക്കുശേഷം എപ്പാർക്കിയിൽ അസംബ്ലിയുടെ വിജയത്തിനായി തയ്യാറാക്കിയ പ്രാർത്ഥന ചൊല്ലുക.

5. എപ്പാർക്കിയിൽ അസംബ്ലിക്ക് മുമ്പ് 1 ദിവസം രൂപത മുഴുവനും ഉപവാസം അനുഷ്ഠിക്കുക.

6. എപ്പാർക്കിയിൽ അസംബ്ലിയിലെ അംഗങ്ങൾ എല്ലാവരും എപ്പാർക്കിയിൽ അസംബ്ലി തുടങ്ങുന്നതിനുമുമ്പ് ഒരു ദിവസം ആരാധന-ഉപവാസദിനമായി ആചരിക്കുക.

7. എപ്പാർക്കിയിൽ അസംബ്ലി തുടങ്ങുന്ന ദിവസത്തെ കുർബ്ബാന എപ്പാർക്കിയിൽ അസംബ്ലിയുടെ നിയോഗത്തിൽ അർപ്പിക്കുക.



# BISHOP'S Engagements

**2013 September**

| | | |
|---|---|---|
| 1-2 | | St. Joseph's Pontifical Seminary, Mangalapuzha |
| 4 | | Pre-cana, Yuvkshetra |
| 5 | | Sehion Retreat Central, Thavalam |
| 7 | | St. Antony's Church, Pazhuvil |
| 8 | AM | St. Raphaels Cathedral, Palakkad |
| | PM | Fathima Matha Church, Agali |
| 9-14 | | Priests' Retreat, Yuvakshetra |
| 14 | | PSSP Meeting, Pastoral Centre |
| 15 | | Elanji |
| 18 | AM | Meeting, Bishop's House |
| | PM | Blessing of New Block, Deivadan Centre |
| 21 | | Episcopal Ordination, Ernakulam |
| 22 | AM | Little Flower Church, Alathur |
| | PM | Dhoni ITI |
| 24-25 | | Health Commission Meeting, Bangalore |
| 28 | AM | Vincent De Paul Meeting, Pastoral Centre |
| | PM | CHAI Meeting, Calicut |
| 29 | | Calicut |

**2013 October**

| | | |
|---|---|---|
| 2 | | Catechism Teachers' Convention |








**രൂപതാദിനം**

രൂപതാദിന കവറുകൾ ഇനിയും ലഭിച്ചിട്ടില്ലാത്തവർ രൂപതാകാര്യാലയത്തിൽനിന്ന് അത് വാങ്ങിക്കേണ്ടതാണ്. ബഹു വൈദികർ ജനങ്ങളിൽനിന്നുള്ള രൂപതാദിന പിരിവ് കവറിൽ സ്വീകരിച്ച് അവ എത്രയും വേഗം തിരിച്ചു നൽകുമല്ലോ.

**വൈദികരുടെ വാർഷികധ്യാനം**

രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 9 മുതൽ 14 വരെയായിരിക്കും. വാർഷിക ധ്യാനത്തെ സംബന്ധിച്ച അഭിവന്ദ്യ പിതാവിന്റെ വിജ്ഞാപനം കാണുക.

**കണക്കുകൾ**

പള്ളിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ (നേഴ്സറി സ്കൂൾ ഉൾപ്പെടെ) കണക്കുകളും സംഘടനകളുടെ രൂപതാതല കണക്കുകളും സെപ്റ്റംബർ 30-ന് മുമ്പ് രൂപതാ കാര്യാലയത്തിൽ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

**വൈദിക തുടർപരിശീലനപരിപാടി**

നവംബർ 26 ഉച്ചമുതൽ 28 ഉച്ചവരെ വൈദികർക്കുവേണ്ടിയുള്ള തുടർപരിശീലനപരിപാടി മുണ്ടൂർ യുവക്ഷേത്രയിൽവെച്ച് നടത്തുന്നു. എല്ലാ വൈദീകരും അതിൽ സംബന്ധിക്കേണ്ടതാണ്.

## Appointment

1. **Rev. Fr. Naduvathaniyil Shaiju** : Asst. Director, Maranatha Media Centre, Palakkad (w.e.f. 17.07.2013).

**അഭിനന്ദനങ്ങൾ**



മുഖ്യമന്ത്രിയിൽനിന്നും വിശിഷ്ട സേവനത്തിലുള്ള സ്വർണ്ണമെഡൽ കരസ്ഥമാക്കിയ പട്ടാമ്പി സി. ഐ.യും ഇരുമ്പകച്ചോല ഇടവകാംഗവുമായ **ശ്രീ. ദേവസ്യ കോമ്പേരി**ക്ക് രൂപതാസമൂഹത്തിന്റെ അഭിനന്ദനങ്ങൾ.

## ജൂബിലി പ്രാർത്ഥന

"ഞാൻ നട്ടു, അപ്പോളൊസ് നനച്ചു, എന്നാൽ ദൈവമാണ് വളർത്തിയത്" (1 കൊറി 3:6). മുപ്പത്തിയൊൻപത് വർഷം പിന്നിട്ട് റൂബിജൂബിലി വത്സരത്തിലേക്ക് പ്രവേശിച്ച ഞങ്ങളുടെ രൂപതയെ ഇന്നത്തെ നിലയിലേക്ക് വളർത്തിയ കർത്താവേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അങ്ങയുടെ കൂട്ടുവേലക്കാരായി പ്രവർത്തിച്ചവരും പ്രവർത്തിക്കുന്നവരുമായ പിതാക്കന്മാരേയും വൈദികരെയും സന്യസ്തരെയും അത്മായ പ്രേഷിതരെയും ഞങ്ങൾ നന്ദിപൂർവ്വം ഓർക്കുന്നു. ജൂബിലി വർഷാചരണം ഞങ്ങളുടെയും കുടുംബങ്ങളുടെയും ഇടവകളുടെയും വിശുദ്ധീകരണത്തിന് കാരണമാകട്ടെ. പ്രസ്തുത ലക്ഷ്യത്തെ മുൻനിർത്തി ഞങ്ങൾ നടത്തുന്ന എല്ലാ പരിപാടികളെയും പ്രത്യേകിച്ച് രൂപതാ അസംബ്ലിയെയും ഹോംമിഷനെയും ആശീർവ്വദിക്കണമേ. ഞങ്ങളുടെ സൽപ്രവർത്തികൾ കണ്ട് എല്ലാവരും അങ്ങയെ മഹത്വപ്പെടുത്തുവാൻ ഇടയാകത്തക്കവിധം വിശ്വാസത്തിൽ വളരുവാനും സുവിശേഷാരൂപിയിൽ ജീവിക്കുവാനും അങ്ങേയ്ക്ക് സജീവസാക്ഷ്യം വഹിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമെ.

ഞങ്ങളുടെ അമ്മയായ പരി. കന്യകാമറിയമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

രൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ. ആമ്മേൻ.

## കാറോസൂസ

നാല്പതാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഞങ്ങളുടെ രൂപതയ്ക്ക് അങ്ങുനൽകിയ നിരവധിയായ അനുഗ്രഹങ്ങൾക്ക് ഞങ്ങൾ നന്ദിപറയുന്നു. ജൂബിലിവർഷത്തിൽ ഞങ്ങൾ നടത്തുന്ന രൂപതാ അസംബ്ലിയും ഹോംമിഷനും മറ്റു പരിപാടികളും വഴി ഞങ്ങളെയും ഞങ്ങളുടെ കുടുംബങ്ങളെയും ഇടവകകളെയും വിശുദ്ധീകരിക്കണമെന്നും അങ്ങേയ്ക്ക് സാക്ഷ്യം വഹിച്ച് ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.





## പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2013 ആഗസ്റ്റ് 13-ാം തിയ്യതി രൂപത കാര്യാലയത്തിൽവെച്ചുകൂടിയ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യപിതാവ് അദ്ധ്യക്ഷം വഹിച്ചു. ബഹു. ജോമി തേക്കുംകാട്ടിലച്ചൻ നയിച്ച പ്രാർത്ഥനയ്ക്കു ശേഷം അഭിവന്ദ്യ പിതാവ് ഏവർക്കും സ്വാഗതം ആശംസിച്ചു. വിശ്വാസവർഷ സമാപനവും രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ചുള്ള കർമ്മപരിപാടികളുമായിരുന്നു യോഗത്തിന്റെ രണ്ടു പ്രധാന ചർച്ചാവിഷയങ്ങൾ.

ദൈവജനത്തിന്റെ വിശ്വാസവളർച്ചയെയും സാക്ഷ്യജീവിതത്തെയും ലക്ഷ്യമാക്കി വിശ്വാസവർഷത്തിൽ പ്രത്യേകമായി ചെയ്ത കാര്യങ്ങൾ അവലോകനം ചെയ്തു. വ്യക്തികളുടെയും കുടുംബങ്ങളുടെയും ഇടവകകളുടെയും സമർപ്പിതസമൂഹങ്ങളുടെയും ആത്മീയ നവീകരണത്തിന് അനുയോജ്യമായ സുവർണ്ണാവസരമാണ് രൂപതയുടെ റൂബിജൂബിലിയെന്ന് പിതാവ് ആമുഖ സന്ദേശത്തിൽ വ്യക്തമാക്കി. തുടർന്നുണ്ടായ ചർച്ചയിൽ താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. വിശ്വാസവർഷാചരണവും റൂബിജൂബിലിയും 2014 ഒക്ടോബർ രണ്ടാം തിയ്യതി മതബോധനദിനത്തോടനുബന്ധിച്ച് കത്തീഡ്രൽ സ്കൂൾ അങ്കണത്തിൽവെച്ച് നടത്തുക. മേഖലാതലത്തിലും വിശ്വാസവർഷ സമാപനപരിപാടികൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

2. രൂപതാദിനമായ സെപ്റ്റംബർ 8 ന് ഇടവകകളിൽ കുർബാന മദ്ധ്യേ റൂബി ജൂബിലിയെ സംബന്ധിച്ച് പിതാവിന്റെ ഇടയലേഖനം വായിക്കുകയും തിരി കൊളുത്തി ജൂബിലി ഉത്ഘാടനം നിർവഹിക്കുകയും ചെയ്യുക.

3. വി. കുർബ്ബാന മദ്ധ്യേ ചൊല്ലാനുള്ള പ്രത്യേക കാറോസൂസായും കുടുംബങ്ങളിൽ ചൊല്ലാനുള്ള പ്രാർത്ഥനയും വീടുകളിലും സ്ഥാപനങ്ങളിലും പതിക്കാനുള്ള ജൂബിലി സ്റ്റിക്കറും സെപ്റ്റംബർ 8 ന് മുമ്പ് ലഭ്യമാക്കുക.

4. ജൂബിലി വർഷത്തിൽ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും 'ഹോംമിഷൻ' നടത്തുക.

5. 'മദ്യവിമുക്തകുടുംബം' എന്ന ലക്ഷ്യത്തോടെ മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുക.

6. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ഇടവകകളിൽ സോഷ്യൽ ആക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് വിവാഹ സഹായപദ്ധതി, ഭവന നിർമ്മാണപദ്ധതി എന്നിവ ആരംഭിക്കുക. ജൂബിലി വർഷത്തിൽ ഇടവകയിലെ വീടില്ലാത്തവരിൽ ഏറ്റവും അർഹിക്കുന്ന ഒരു കുടുംബ

ത്തിനെങ്കിലും വീടുവെച്ചുകൊടുക്കുവാൻ ശ്രദ്ധിക്കണം. സംസ്ഥാന കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന ക്ഷേമനിധികളും, മൈനോരിറ്റി സ്കോളർഷിപ്പുകളും വ്യക്തികൾക്ക് ലഭ്യമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

കാനൻ നിയമം അനുശാസിക്കുന്ന പ്രകാരം 'എപ്പാർക്കിയൽ അസംബ്ളി' സംഘടിപ്പിക്കേണ്ടതിന്റെ പ്രസക്തിയും പ്രയോജനവും 2013 മെയ് 30ന് കൂടിയ പ്രസ്ബിറ്ററൽ കൗൺസിലിൽ പിതാവ് വ്യക്തമാക്കിയതിന്റെ പശ്ചാത്തലത്തിൽ നിയോഗിക്കപ്പെട്ട പഠന കമ്മിറ്റിയുടെ പ്രവർത്തനങ്ങളെപ്പറ്റി ബഹു. ജോമിസ് കൊടകശ്ശേരി അച്ചനും അസംബ്ലിയുടെ രൂപീകരണരീതികളെപ്പറ്റി ബഹു. ജോർജ്ജ് തുരുത്തിപ്പള്ളി അച്ചനും യോഗത്തിൽ വിശദീകരിച്ചു. കാനൻ നിയമം അനുശാസിക്കുന്നതുപോലെ വിശ്വാസപരിശീലനത്തിലൂടെ വ്യക്തികളെയും കുടുംബങ്ങളെയും ഇടവകകളെയും സമൂഹങ്ങളെയും പ്രസ്ഥാനങ്ങളെയും നവീകരിച്ച് രൂപതയെ സ്നേഹസമൂഹമാക്കുവാൻ രൂപതാദ്ധ്യക്ഷനെ സഹായിക്കുകയാണ് എപ്പാർക്കിയൽ അസംബ്ലിയുടെ ലക്ഷ്യമെന്നും പിതാവ് എടുത്തു പറയുകയുണ്ടായി. അസംബ്ലിയുടെ മാർഗ്ഗരേഖയും കൗൺസിലിൽ ബഹു. തുരുത്തിപ്പള്ളി അച്ചൻ അവതരിപ്പിച്ചു. എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുക്കുവാൻ വൈദിക സമിതി പ്രതിനുധികളായി ബഹു. ജോസ് പൊൻമാണി, ബഹു. ജോസ് അങ്ങേവീട്ടിൽ, ബഹു. തോം കിഴക്കേടത്ത്, ബഹു. ജോമിസ് കൊടകശ്ശേരി, ബഹു. ജോർജ്ജ് തുരുത്തിപ്പള്ളി എന്നീ വൈദികരെ തിരഞ്ഞടുത്തു. അസംബ്ലിയുടെ തുടർപരിപാടികളെല്ലാം യഥാസമയം നിർവഹിക്കുവാൻ സെൻട്രൽ കമ്മിറ്റിയെ പിതാവ് ഭരമേല്പിച്ചു.

സെമിത്തേരിയിലെ സ്ഥിരം കല്ലറയെ സംബന്ധിച്ച് നടന്ന ചർച്ചയിൽ നിലവിലുള്ള വ്യവസ്ഥകളിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി.

1. സ്ഥിരം കല്ലറയ്ക്ക് കുറഞ്ഞ സംഖ്യ 10,000 എന്നത് 20,000 രൂപയും കൂടിയ സംഖ്യ 50,000 എന്നത് 1,00000 വും ആക്കി ഉയർത്തി.

2. കല്ലറയ്ക്ക് അഡ്വാൻസായി പണം തന്ന കല്ലറയിൽ ഒരാളെ സംസ്ക്കരിച്ചിട്ട് 25 വർഷം കഴിഞ്ഞതിനുശേഷം മാത്രം നിയമാവലിയിൽ സൂചിപ്പിച്ചിരിക്കുന്ന സംഖ്യകൊടുത്ത് പുതുക്കിയാൽ മതിയാകും.

3. സ്ഥിരം കല്ലറയിൽ അടക്കം ചെയ്യേണ്ട വ്യക്തികളുടെ പേരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വ്യക്തികൾ ഇടവക മാറിയാലും പ്രസ്തുത കല്ലറയിൽ അടക്കം ചെയ്യപ്പെടാനുള്ള അവകാശമുണ്ടായിരിക്കും.

സമാപന സന്ദേശത്തിൽ താഴെ പറയന്ന കാര്യങ്ങളും കൂടി പിതാവ് നിർദ്ദേശിച്ചു:





1. കുന്നോത്തുള്ള മേജർ സെമിനാരി മെത്രാൻസിനഡിന്റെ കീഴിലായതുകൊണ്ട് സെമിനാരിയെ സാമ്പത്തികമായി സഹായിക്കാൻ നമ്മുടെ രൂപതയിലെ 10 ഇടവകകളിൽ സംഭാവനയ്ക്കു വരുമ്പോൾ ബഹു. വികാരിയച്ചൻമാർ സഹകരിക്കണമെന്ന് പിതാവ് ആവശ്യപ്പെട്ടു.

2. എല്ലാ പള്ളികളിലും പൊതുയോഗവും പ്രതിനിധിയോഗവും ഉണ്ടായിരിക്കണമെന്നുള്ള തീരുമാനം പിതാവ് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചു.

3. മതബോധന അദ്ധ്യാപകരുടെ പിക്നിക് പോകുമ്പോൾ കൈക്കാരന്മാരെയുംകൂടെ ഉൾപ്പെടുത്തേണ്ടതാണ്. പ്രാർത്ഥനയോടെ 1.30 ന് യോഗം പര്യവസാനിച്ചു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
**സെക്രട്ടറി**

**വിശ്വാസവർഷ പഠനപരമ്പര - 9**

## മാർപാപ്പയുടെ തെറ്റാവരം

അകത്തോലിക്കരുടെ ഇടയിൽ വളരെയധികം ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ് മാർപാപ്പയുടെ തെറ്റാവരം. ഈ വിഷയത്തെപറ്റിയുള്ള സഭയുടെ ചിലപഠനങ്ങളാണ് ഇപ്രാവിശ്യം ചിന്തക്ക് വിഷയീഭവിപ്പിക്കുന്നത്. ഒന്നാം വത്തിക്കാൻ കൗൺസിൽ മാർപാപ്പയുടെ തെറ്റാവരത്തെ ഇപ്രകാരമാണ് നിർവ്വചിച്ചിരിക്കുന്നത്. "വിശ്വാസം, സന്മാർഗ്ഗം എന്നീ മേഖലകളിൽ തന്റെ ശ്ലൈഹിക അധികാരം ഉപയോഗിച്ച് സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ (Ex Cathedra) മാർപാപ്പ നല്കുന്ന പ്രബോധനങ്ങൾക്ക് വിശുദ്ധ പത്രോസിനു ദൈവം നല്കിയ അപ്രമാദിത്വത്തിന്റെ അനുഗ്രഹമുള്ളതിനാൽ അവ പരിഷ്കരണത്തിനും മാറ്റം വരുത്തലുകൾക്കും അതീതമാണ്". ഈ നിർവ്വചനത്തിന്റെ വിശദീകരണങ്ങളാണ് ചുവടെ ചോദ്യോത്തര രീതിയിൽ നല്കിയിരിക്കുന്നു.

**1. ഏതെല്ലാം മേഖലകളിലാണ് മാർപാപ്പയ്ക്ക് തെറ്റാവരമുള്ളത്?**

വിശ്വാസം, സന്മാർഗ്ഗം എന്നീ വിഷയങ്ങളെകുറിച്ചുള്ള പ്രബോദനങ്ങൾക്കു മാത്രമേ മാർപാപ്പക്കു തെറ്റാവരമുള്ളൂ. മാർപാപ്പമാരുടെ ചില നിഗമനങ്ങളോ, തീരുമാനങ്ങളോ ചരിത്രപരമായ വീക്ഷണത്തിൽ തെറ്റിപോയതായി ചൂണ്ടികാണിക്കാനായേക്കാം. എന്നാൽ ശ്ലൈഹിക അധികാരം ഉയോഗിച്ച് പരിശുദ്ധാത്മാവിനാൽ പ്രേരിതനായി ശ്രേഷ്ഠകാചാര്യസ്ഥാനത്തിന്റെ അധികാരത്തോടെ വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിക്കുന്ന പ്രബോധനങ്ങൾ ഒരിക്കലും തെറ്റിപോയിട്ടില്ല എന്നതുതന്നെയാണ് തെറ്റാവരത്തിനുള്ള ഏറ്റവും വലിയ തെളിവ്.

**2. മാർപാപ്പക്കു മാത്രമോ അല്ലെങ്കിൽ മാർപാപ്പയോടൊത്തു പ്രവർത്തിക്കുന്ന തിരുസംഘങ്ങളുടെ പ്രബോധനങ്ങൾക്കും തെറ്റാവരമുണ്ടോ?**

ഇല്ല. പിൻഗാമിയായി നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട മാർപാപ്പക്കുമാത്രമുള്ള അധികാരമാണ് തെറ്റാവരം. മാർപാപ്പയോടൊത്തു പ്രവർത്തിക്കുന്ന തിരുസംഘങ്ങളുടെ പ്രബോധനങ്ങൾക്ക് തെറ്റാവരമില്ല.

**3. വിശ്വാസത്തെയും സന്മാർഗ്ഗത്തെയുംപ്പറ്റി മാർപാപ്പ എപ്രകാരം പഠിപ്പിക്കുന്ന കാര്യങ്ങൾക്കാണ് അപ്രമാദിത്വ സ്വഭാവമുള്ളത്?**

മാർപാപ്പ ശ്ലൈഹിക അധികാരത്തോടും (Ex Cathedra) സഭയുടെ പ്രധാന ആചാര്യനെന്ന നിലയിലും സഭയിലെ മുഴുവൻ വിശ്വാസികളെയും ലക്ഷ്യമാക്കി നടത്തുന്ന പ്രബോധനങ്ങളാണ് അപ്രമാദിത്വ സ്വഭാവമുള്ളതായി പരിഗണിക്കേണ്ടത്. മാർപാപ്പമാർ നടത്തുന്ന എല്ലാ പ്രഭാഷണങ്ങളും പ്രസ്താവനകളും തെറ്റാവരമുള്ളതായി സഭ പഠിപ്പിക്കുന്നില്ല.

**4. മാർപാപ്പയുടെ തെറ്റാവരത്തിന്റെ അടിസ്ഥാനം എന്ത്?**

മാർപാപ്പയുടെ തെറ്റാവരം സ്വന്തം ജ്ഞാനത്തിലോ അധികാരത്തിലോ അധിഷ്ഠിതമല്ല. മറിച്ച് അതു സഭയുടെ സത്യപ്രബോധകനായ പരിശുദ്ധാത്മാവിന്റെ പ്രേരണയിലും പ്രചോദനത്തിലും അധിഷ്ഠിതമാണ്. പരിശുദ്ധാത്മാവിന്റെ കൃപയാൽ ശ്ലൈഹികാധികാരത്തോടെ സംസാരിക്കുമ്പോഴാണ് മാർപാപ്പക്കു തെറ്റാവരമുള്ളത്. തെറ്റാവരമുള്ള പരിശുദ്ധാത്മാവ് പരിശുദ്ധ പിതാവിലൂടെ സംസാരിക്കുമ്പോൾ അതിനു തെറ്റാവരമുണ്ടെന്നു വിശ്വസിക്കുന്നത് തികച്ചും യുക്തിസഹചമാണ്.

**5. മാർപാപ്പയുടെ തെറ്റാവരത്തിനു വി. ഗ്രന്ഥാടിസ്ഥാനം എന്താണ്?**

ക്രിസ്തു പത്രോസിനെ തന്റെ സഭയുടെ അടിസ്ഥനാശിലയായി സ്ഥാപിച്ചു (മത്താ.16:18). പത്രോസിന് കെട്ടാനും അഴിക്കാനുമുള്ള അധികാരം ഈശോ നല്കി. ദൈവികനിയമം ശരിയായി വ്യാഖ്യാനിക്കാനും തെറ്റായ വ്യാഖ്യാനങ്ങളെ തള്ളിക്കളയാനുമുള്ള അധികാത്തെയാണ് കെട്ടാനും അഴിക്കാനുമുള്ള അധികാരമായി റബ്ബിമാർ കരുതിയിരുന്നത്. തന്മൂലം പത്രോസിനു ലഭിച്ച അധികാരം ദൈവിക സത്യങ്ങളെ തെറ്റുകൂടാതെ പഠിപ്പിക്കാനുള്ള അധികാരമായിരുന്നു. പിതാവായ ദൈവം പത്രോസിലൂടെയാണ് യേശു യഥാർത്ഥത്തിൽ ദൈവപുത്രനാണെന്ന് വെളിപ്പെടുത്തിയത്. "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനാകുന്നു"എന്ന് പത്രോസ് ഏറ്റുപറഞ്ഞപ്പോൾ യേശു പ്രതികരിച്ചത് ഇപ്രകാരമാണ്. "മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവാണ് നിനക്കിത് വെളിപ്പെടുത്തിതന്നത്" (മത്താ.16:17). പത്രോസിന്റെ വിശ്വാസത്തിൽ ക്ഷയമുണ്ടാകാതിരിക്കാനും പത്രോസിന് തെറ്റുപറ്റാതിരിക്കാനും വേണ്ടി യേശു സവിശേഷമായി പ്രാർത്ഥിക്കുന്നുണ്ട് (ലൂക്കാ 22:31-32). ക്രിസ്തുവിന്റെ പ്രാർത്ഥനയുടെ ഫലമായുള്ള അനുഗ്രഹമായി പത്രോസിന്റെയും പിൻഗാമികളുടെയും തെറ്റാവരത്തെ മനസ്സിലാക്കാം. തന്റെ അജഗണങ്ങളുടെ ഇടയനായും ക്രിസ്തു പത്രോസിനെ നിയമിച്ചു (യോഹ.21:15-17). ദൈവജനത്തിന്റെ തെറ്റുകൾ ചൂണ്ടികാട്ടേണ്ടതും അവ തിരുത്തി അവരെ നേർവഴിക്കു നയിക്കേണ്ടതും ഇടയന്റെ ഉത്തരവാദിത്വമാണ്. ദൈവം ഒരുവന് ഈ ദൗത്യം ഭരമേല്പിക്കുമ്പോൾ അത് നിറവേറ്റാനുള്ള കൃപയുംകൂടി ആ വ്യക്തിക്ക് നല്കുമെന്നുള്ളത് സത്യമാണ്. തന്മൂലം ദൈവജനത്തിന്റെ തെറ്റുകൾ തിരുത്തുവാനുള്ള നിയോഗം ലഭിച്ച വലിയ ഇടയനായ പത്രോസിനും പിൻഗാമികൾക്കും ദൈവം തെറ്റാവരം നല്കിയെന്നു അനുമാനിക്കാം.

**6. പത്രോസിന്റെ പിൻഗാമിയുടെ തെറ്റാവരത്തെപ്പറ്റി സഭാപാരമ്പര്യങ്ങൾ എന്തു പഠിപ്പിക്കുന്നു?**

അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് (AD110) "പത്രോസിന്റെ പിൻഗാമിയുടെ സാന്നിധ്യംമൂലം റോമിലെ സഭ പാഷണ്ഡതകളിൽനിന്നും വിമുക്തമാണ്".

വി. ഇരനേവൂസ്: "റോമിൽ പത്രോസിന്റെ പിൻഗാമി ഭരിക്കുന്ന സഭയുടെ വിശ്വാസം മറ്റെല്ലായിടങ്ങളിലുമുള്ള സഭയുടെ വിശ്വാസത്തിനു മാതൃകയും മാനദണ്ഡവുമാണ്".

വി. തോമസ് അക്വിനാസ്: "വി. പത്രോസിന്റെ പിൻഗാമിയുടേതാണ് സത്യവിശ്വാസത്തെക്കുറിച്ചുള്ള അവസാന വാക്ക് എന്നതിനാൽ മാർപാപ്പയുടെ വാക്കുകളെ അനുസരിക്കാൻ സകല വിശ്വാസികൾക്കും കടമയുണ്ട്". ഏകസ്വഭാവ പാഷണ്ഡതയുടെ പ്രചാരകനായ എവുത്തിക്കസിനോടു സത്യവിശ്വാസമറിയാൻ ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ പത്രോസിന്റെ പിൻഗാമിയെ സമീപിക്കാൻ വി. പീറ്റർ ക്രിസോലോഗൂസ് അഭിപ്രായപ്പെടുന്നതും ആദിമസഭയുടെ തെറ്റാവരവിശ്വസത്തെ സാധൂകരിക്കുന്നു.

ഇപ്രകാരം വി. ഗ്രന്ഥവും സഭാപാരമ്പര്യവും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്ന സത്യമാകയാൽ റോമാമെത്രാന്റെ അപ്രമാദിത്വം ക്രൈസ്തവവിശ്വാസത്തിന്റെ ഭാഗമാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | | |
|---|---|---|
| 1. | അരപ്പാറ | ശ്രീ. ബെന്നി വർഗ്ഗീസ് മാടത്താനി |
| | | ശ്രീ. സാബു തോംസൺ തകടിയേൽ |
| 2 | ചിറ്റടി (മേരിലാന്റ്) | ശ്രീ. സിറിയക് വട്ടകുന്നേൽ |
| | | ശ്രീ. ജിബിൻ ആലപ്പാട്ടുകുന്നേൽ |
| 3. | എടത്തനാട്ടുകര | ശ്രീ. വർഗ്ഗീസ് അന്തിനാട്ട് |
| | | ശ്രീ. ജോൺ കൈതമറ്റം |
| 4. | കയറാടി | ശ്രീ. ജോയ് കാക്കനാട്ട് |
| | | ശ്രീ. ചാക്കോച്ചൻ വട്ടംപുറത്ത് |
| 5. | കരിങ്കയം | ശ്രീ. ജോസഫ് ചുങ്കപ്പുരയ്ക്കൽ |
| | | ശ്രീ. ജോയ് ജോസഫ് ചിറയ്ക്കൽ |
| 6. | കൊല്ലംങ്കോട് | ശ്രീ. ജോൺസൺ പട്ടിയകാരൻ |
| | | ശ്രീ. തമ്പി ചിറ്റൂപ്പറ |
| 7. | മലമ്പുഴ (മരിയനഗർ) | ശ്രീ. മനേഷ് പള്ളിക്കുന്നേൽ |
| | | ശ്രീ. ജോസഫ് വെള്ളപ്പാട്ട് |
| 8. | നെല്ലിയാമ്പതി | ശ്രീ. റോബർട്ട് കൊച്ചുകുന്നേൽ |
| | | ശ്രീ. ജോസ് തൈപ്പറമ്പിൽ |
| 9. | ഓടംതോട് | ശ്രീ. മാത്യു പുളിക്കൽ |
| | | ശ്രീ. ജോസഫ് മഠത്തിനാൽ |
| 10. | പാലക്കയം | ശ്രീ. ടോം കെ. തോമസ് കപ്പിയാങ്കൽ |
| | | ശ്രീ. മാണിക്കുട്ടി തുടിയംപ്ലാക്കൽ |
| 11. | പല്ലിയറ | ശ്രീ. ജോസഫ് പരവരുക്കുന്നേൽ |
| | | ശ്രീ. ജോസഫ് കാവിൽക്കടവിൽ |
| 12. | പരുത്തിക്കാട് | ശ്രീ. മത്തായി തോട്ടത്തിൽ |
| | | ശ്രീ. സിബി അന്ത്രപ്പേർ |
| 13. | സേലം | ശ്രീ. വിനോദ് വർഗ്ഗീസ് മാറാട്ടുകുളം |
| | | ശ്രീ. ജോസ് പുല്ലോക്കാരൻ |
| 14. | ശ്രീകൃഷ്ണപുരം | ശ്രീ. സണ്ണി ദേവസ്യ കരികുളം തേക്കുംകാലയിൽ |
| | | ശ്രീ. ഫിലിപ്പ് മർക്കോസ് പാറശ്ശേരിൽ |
| 15. | വഴിക്കടവ് | ശ്രീ. ജോസഫ് തൊടുവനാൽ |
| | | ശ്രീ. ആന്റണി കാക്കാനിയിൽ |





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Oct-13 | TUE | Rev. Fr. Thukkuparambil Betson |
| 2-Oct-13 | WED | Rev. Fr. Thuruthuvelil Nilesh |
| 3-Oct-13 | THU | Rev. Fr. Thuruthipally George |
| 4-Oct-13 | FRI | Rev. Fr. Vadakkekara Goji |
| 5-Oct-13 | SAT | Rev. Fr. Vadakkekara Tom |
| 7-Oct-13 | MON | Rev. Fr. Vadakkumchery Thomas |
| 8-Oct-13 | TUE | Rev. Fr. Vadakken Jaison |
| 9-Oct-13 | WED | Rev. Fr. Valayathil Xavier |
| 10-Oct-13 | THU | Rev. Fr. Vattukalathil Saji |
| 11-Oct-13 | FRI | Rev. Fr. Vazhayil Mathew |
| 12-Oct-13 | SAT | Rev. Fr. Vazheparambil Sebastian |
| 14-Oct-13 | MON | Rev. Fr. Velliamkandathil Jaijin |
| 15-Oct-13 | TUE | Rev. Fr. Ackaparambil Joyson |
| 16-Oct-13 | WED | Rev. Fr. Aikkara Aji |
| 17-Oct-13 | THU | Rev. Fr. Aippanparambil Dominic |
| 18-Oct-13 | FRI | Rev. Fr. Alackakunnel Jose |
| 19-Oct-13 | SAT | Rev. Fr. Aloor John |
| 21-Oct-13 | MON | Rev. Fr. Angeveettil Jose |
| 22-Oct-13 | TUE | Rev. Fr. Anjilimoottil Cherian |
| 23-Oct-13 | WED | Rev. Fr. Aricatt C. Antu |
| 24-Oct-13 | THU | Rev. Fr. Arisseriyil Thomas |
| 25-Oct-13 | FRI | Rev. Fr. Chakkalakal Joshy |
| 26-Oct-13 | SAT | Rev. Fr. Chakkiath James |
| 28-Oct-13 | MON | Rev. Fr. Chakkumpeedika Davis |
| 29-Oct-13 | TUE | Rev. Fr. Chalakkal Jeejo |
| 30-Oct-13 | WED | Rev. Fr. Cheniyara Jose |
| 31-Oct-13 | THU | Rev. Fr. Cheekkapara Joy |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

## വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"വഴിയും സത്യവും ജീവനും ഞാനാണ്"** (യോഹ. 14:6) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യഥാർത്ഥ വഴിയും സത്യവും ജീവനുമായ ദൈവം യേശുതന്നെയാണെന്നുള്ള വിശ്വാസത്തിലടിയുറച്ച്, വളരുന്ന തലമുറയെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ ഈ വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ. ടീച്ചേഴ്സ് സെമിനാറിൽ സംബന്ധിക്കുന്ന അധ്യാപകർ അവരുടെ ടീച്ചിംഗ് നോട്ടും കൊണ്ടുവരേണ്ടതാണ്.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **സെപ്റ്റം. 14** | **ശനി** | **9.30 am to 4.00 pm** | **തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| | | | **പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)** |
| **സെപ്റ്റം. 21** | **ശനി** | **9.30 am to 4.00 pm** | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| | | | **പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ഒക്ടോ. 14 | തിങ്കൾ | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 16 | ബുധൻ | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**വിശ്വാസപരിശീലന സംബന്ധമായ എല്ലാ കാര്യത്തിന് വരുമ്പോഴും എല്ലാ അദ്ധ്യാപകരും ഐഡന്റിറ്റി കാർഡ് ധരിച്ചുവരാൻ ശ്രദ്ധിക്കുമല്ലോ.**

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ





ലക്ഷ്യം. അധ്യായന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **സെപ്റ്റം 01** | **ഞായർ** | **9.30am to 4.00pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **സെപ്റ്റം 22** | **ഞായർ** | **9.30am to 4.00pm** | **മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ)** |
| ഒക്ടോ. 20 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 27 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**VIII & IX ലൈംഗീക ധാർമ്മികാവബോധ സെമിനാർ-2013**

വർദ്ധിച്ചുവരുന്ന ലൈംഗീക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗീക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗീകത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **സെപ്റ്റ. 15** | **ഞായർ** | **9.30am to 4.00pm** | **കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| നവം. 10 | ഞായർ | 9.30am to 4.00pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 24 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 15 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഡിസം. 22 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 29 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 05 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

| | | |
|---|---|---|
| ജനുവരി 12 ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 19 ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 02 ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 09 ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് പഠനസഹായി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. (വില 50 രൂപ)

**മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാ ക്വിസ് 2013-2014**

ഈ വിശ്വാസവർഷത്തിൽ വിശ്വാസസ്ഥിതീകരണത്തിനും ഏറ്റുപറയുന്നതിനുമായി രണ്ടാംവത്തിക്കാൻ കൗൺസിലിൽനിന്നും ഉരുത്തിരിഞ്ഞ 16 പ്രമാണരേഖകളെ ആസ്പദമാക്കി 1279 ചോദ്യങ്ങൾ അടങ്ങിയ മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് എന്ന പഠനസഹായി തയ്യാറായിരിക്കുന്നു. സാൻജോ ബുക്ക്സ്റ്റാളിൽനിന്നും 50 രൂപ നിരക്കിൽ പുസ്തകം ലഭിക്കുന്നതാണ്.

**i. പങ്കെടുക്കുന്നവർ**

മൂന്നു ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം നടത്തുന്നത്. എ.ബി.സി എന്നിങ്ങനെയാണ് ഗ്രൂപ്പുകൾ. എ ഗ്രൂപ്പിൽ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും, ബി. ഗ്രൂപ്പിൽ 10 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും സി ഗ്രൂപ്പിൽ 12 ന് ശേഷമുള്ള ആർക്കും പ്രായപരിധിയില്ലാതെ പങ്കെടുക്കാവുന്നതരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**താല്പര്യമുള്ള അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കും പ്രസ്തുത ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.**

**കുടുംബസമ്മേളനങ്ങളിൽ മാർ ഇരിമ്പൻ മെമ്മോറിയൽ മെഗാ ക്വിസിന്റെ പഠനസഹായി ചർച്ചയ്ക്ക് വിധേയമാക്കി എല്ലാവരെയും ഈ മെഗാ ക്വിസിൽ പങ്കെടുപ്പിക്കുന്നത് ഈ വിശ്വാസവർഷത്തിൽ ഉചിതമായിരിക്കും. ഇക്കാര്യം വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.**

**ii. സമ്മാനങ്ങൾ**





മികച്ച സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഒരോ ഗ്രൂപ്പിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ക്രമമനുസരിച്ച് 3000,2000,1000 രൂപ വീതം സമ്മാനങ്ങൾ നൽകുന്നതാണ്.

കൂടാതെ ഓരോഗ്രൂപ്പിനും 85 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും ഒരു നമ്പർ തിരഞ്ഞെടുത്ത് ആ നമ്പറിന്റെ ഉടമക്ക് വിശുദ്ധനാട് സന്ദർശിക്കാനുള്ള ടിക്കറ്റ് നൽകുന്നതാണ്.

60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും 15 പേരെ വീതം തിരഞ്ഞെടുത്ത് വേളാംകണ്ണിയിലേക്ക് തീർത്ഥയാത്രക്കുള്ള അവസരമൊരുക്കുന്നു.

**iii. രജിസ്ട്രേഷൻ**

വിശ്വാസപരിശീലനവേദി പ്രധാനാദ്ധ്യാപകർവഴി ഇടവകയിലേക്കുനൽകുന്ന ഓരോഗ്രൂപ്പിനും വേണ്ടിയുള്ള നിശ്ചിതഫോം വഴിയാണ് രജിസ്ട്രേഷൻ നടത്തേത്. രജിസ്ട്രേഷൻ നടത്തുമ്പോൾ 50 രൂപ നല്കേണ്ടതാണ്. തദവസരത്തിൽ 50 രൂപ വിലയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെ അടിസ്ഥാനമാക്കി രൂപതാ വിശ്വാസപരിശീലനവേദി തയ്യാറാക്കിയ പഠനസഹായി ലഭിക്കുന്നതാണ്. ആ പഠന സഹായിയുടെ അവസാനത്തെ പേജാണ് പരീക്ഷ എഴുതാനുള്ള ഹാൾ ടിക്കറ്റ്. ഹാൾ ടിക്കറ്റിൽ രജിസ്ട്രേഷൻ നമ്പർ ഉറപ്പാക്കാൻ ശ്രദ്ധിക്കുമല്ലോ. **രജിസ്ട്രേഷനുള്ള അവസാനദിവസം ഒക്ടോബർ 20 ആയിരിക്കും.**

**iv. പരീക്ഷാ ക്രമീകരണങ്ങൾ**

പഠനസഹായി അടിസ്ഥാനമാക്കി മാത്രമായിരിക്കും ചോദ്യങ്ങൾ ശരിയുത്തരം നൽകപ്പെട്ടിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുത്ത് ചോദ്യപേപ്പറിൽതന്നെ കളർ ചെയ്യുന്ന രീതിയിലുള്ള 100 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യപേപ്പറാണ് തയ്യാറാക്കുക. കൂടാതെ മൂന്ന് ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതാനും നൽകുന്നതാണ്.

**v. പരീക്ഷാ തിയ്യതിയും സമയവും**

രൂപതയിലെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും നവംബർ 9 രണ്ടാം ശനിയാഴ്ച 10 മുതൽ 12.30 വരെ ആയിരിക്കും മത്സരം നടക്കുക (**തിരുത്ത് :** മാർ ഇരുമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് പഠനസഹായിയിലെ 4-ാം പേജിലെ 4-ാം ചോദ്യത്തിന്റെ ഉത്തരത്തിൽ സുവിശേഷകന്റെ പേര് ഉണ്ടായിരുന്നില്ല അത് യോഹന്നാൻ 8:12 എന്ന് തിരുത്തി പഠിക്കുമല്ലോ).

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ താമസിച്ചാണ് രണ്ടുദിവസത്തെ സെമിനാർ നടക്കുക. ഈ വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ് ഒക്ടോബർ 13, 14 തിയ്യതികളിലും ഡിസംബർ 26നുമായിരിക്കും നടക്കുക. 1st സെമസ്റ്റർ എക്സാം രൂപതാ കേന്ദ്രത്തിലും 2nd സെമസ്റ്റർ എക്സാം അതാത് വിശ്വാസപരിശീലന യൂണിറ്റുകളിലും വച്ചായിരിക്കും നടക്കുക. **ഒരു ഇടവകയിൽ നിന്നും രണ്ടിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ അവിടെത്തന്നെ അനുയോജ്യമായ സമയവും സാഹചര്യവുമൊരുക്കി വിശ്വാസപരിശീലനം നടത്തേണ്ടതാണ്.**

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2013 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തുമാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**കുട്ടികളുടെ ചെറുകഥാ ഉപന്യാസ മത്സരം**

അഞ്ച് മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി ഒക്ടോബർ 20-ാം തിയ്യതി ഉപന്യാസ മത്സരവും നവംബർ 3-ാം തിയ്യതി ചെറുകഥാ മത്സരവും സംഘടിപ്പിച്ചിരിക്കുന്നു. അതാത് സെന്ററുകളിൽ നടത്തിയ രചനകൾ അവിടെ തന്നെ പരിശോധിച്ച് ഓരോ ക്ലാസ്സിൽനിന്നും ഏറ്റവും നല്ല രണ്ട് രചനകൾ (70% എങ്കിലും മാർക്കുള്ളവ) മാത്രം മതബോധന കേന്ദ്രത്തിൽ ഒക്ടോബർ 30ന് (ഉപന്യാസ മത്സരം) മുമ്പായി എത്തിക്കുക. മത്സര സമയം ഒരു മണിക്കൂർ ആയിരിക്കും. രചനകൾ മൂന്ന് പേജിൽ കവിയരുത്. രചനകളിൽ പേര്, സീൽ, മാർക്ക് എന്നിവ എഴുതരുത്. പേര്, ക്ലാസ്സ്, ഇടവക എന്നിവ ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക.





കേന്ദ്രത്തിലേക്ക് അയക്കുന്ന പേപ്പറിൽ മാർക്ക് ഇടരുത്. രൂപതാ തലത്തിലും ഫൊറോനാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. ഫലം അറിഞ്ഞയുടൻ ഫൊറോനതല വിജയികൾ മതബോധന കേന്ദ്രത്തിൽ നിന്ന് സമ്മാനം സ്വീകരിക്കുക. രൂപതാതല വിജയികൾക്ക് 2014 മെയ് 24-ാം തിയ്യതി മതബോധന സംയുക്ത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാണ്.

**NB: ചെറുകഥാ, ഉപന്യാസ മത്സരവിഷയങ്ങൾ അതാത് ഫൊറോന ഡയറക്ടേഴ്സ് വഴി നൽകപ്പെടുന്നതായിരിക്കും.**

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

ഏതെങ്കിലും സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയാണെങ്കിൽ ഉടൻതന്നെ കണ്ടുപിടിക്കുകയോ കണ്ടുകിട്ടിയില്ലെങ്കിൽ രൂപതാ വിശ്വാസപരിശീലനവേദിയെ സമീപിച്ച് വീണ്ടെടുക്കുകയോ ചെയ്യേണ്ടതാണ് (100 രൂപ ഫൈൻ ഉണ്ടായിരിക്കും).

**മതാദ്ധ്യാപക ഐഡന്റിറ്റി കാർഡ്**

വിശ്വാസ പരിശീലന വേദിയിലെ എല്ലാ അദ്ധ്യാപകർക്കും ഐഡന്റിറ്റി കാർഡ് നിർബന്ധമാണ്. ഐഡന്റിറ്റികാർഡ് ലഭിച്ചവർ വേദപാഠം പഠിപ്പിക്കുന്ന വർഷമനുസരിച്ച് അവരവരുടെ കാർഡിൽ വികാരിയച്ചന്റെ ഒപ്പ് സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലുമൊരു വിശ്വാസപരിശീലന വർഷത്തിൽ വികാരിയച്ചന്റെ ഒപ്പില്ലാത്ത ഐഡന്റിറ്റി കാർഡുള്ളവർ ആ വർഷം വേദപാഠം പഠിപ്പിക്കുന്നില്ലാ എന്നാണ് അർത്ഥമാക്കുന്നത്. ഒരു പ്രാവശ്യം ഐഡന്റിറ്റി കാർഡ് ലഭിച്ചാൽ ഒരു കാരണവശാലും നഷ്ടപ്പെടുത്താൻ പാടില്ല. ഐഡന്റിറ്റി കാർഡ് അപ്രധാനമായി കണ്ട് നഷ്ടപ്പെടുത്തുക വഴി വിശ്വാസ പരിശീലനത്തോടും നമ്മുടെ വ്യക്തിഗത ഉത്തരവാദിത്വത്തോടും സമൂഹത്തോടുമുള്ള താല്പ്പര്യക്കുറവാണ് സൂചിപ്പിക്കുന്നത്. ഐഡന്റിറ്റി കാർഡിന്റെ കാലാവധി തീർന്നാൽ പഴയ കാർഡ് നമ്പറോടുകൂടി പുതിയ കാർഡ് പ്രധാന അദ്ധ്യാപകൻ വഴി വിശ്വാസ പരിശീലന വേദിയിൽ നിന്നും കൈപ്പറ്റേണ്ടതാണ്. അദ്ധ്യാപകർ അവരുടെ ക്രമമായ ജീവിതത്തിന്റെയും

അർപ്പണബോധത്തിന്റെയും ബാഹ്യപ്രകടനമെന്നോണം വിശ്വാസപരിശീലന പരിപാടികളിൽ സംബന്ധിക്കുമ്പോൾ ഈ കാർഡ് നിർബന്ധ ബുദ്ധ്യാ ധരിക്കേണ്ടതാണ്.

തങ്ങളുടെ ഇടവകയിലെ മതാദ്ധ്യാപകരെല്ലാം BTC കോഴ്സിൽ സംബന്ധിച്ചവരും ഐഡന്റിറ്റികാർഡ് ലഭിച്ചവരുമാണോ എന്ന് പ്രധാനഅദ്ധ്യാപകനും വികാരിയച്ചനും ഉറപ്പുവരുത്തുമല്ലോ.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 6-ാം തിയ്യതി ഞായറാഴ്ച വിശ്വാസപരിശീലന യൂണിറ്റുകളിൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് നടത്തേണ്ടതാണ്. V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. ഒന്നാം സെമസ്റ്ററിൽ V മുതൽ XII വരെയുള്ള ക്ലാസ്സുകൾക്ക് ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV വരെയുള്ള ക്ലാസ്സുകൾക്ക് പരീക്ഷ 80 മാർക്കിൽ ആയതിനാൽ ഇന്റേണൽ മാർക്ക് 20% കൂട്ടേണ്ടതാണ്. പഠനഭാഗം -80 മാർക്ക്, മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വസ് പഠനസഹായി - 10 മാർക്ക്, ലോഗോസ് ക്വിസ് - 10 മാർക്ക്.

NB: English Question paper ആവശ്യമുള്ളവർ സെപ്തംബർ 15 ന് മുമ്പ് എണ്ണം മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**മിഡ്ടേം പരീക്ഷയുടെ ഫലം**

ജൂലൈ 28, ഞായറാഴ്ച നടന്ന മിഡ്ടേം പരീക്ഷയുടെ ഫലം ബഹു. മതാദ്ധ്യാപകർ തങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന നിർദ്ദേശമനുസരിച്ച് രൂപതയുടെ മതബോധന വെബ്സൈറ്റിൽ ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

**SMCC അവാർഡ്**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ അവാർഡിനായുള്ള ഫൊറോന, രൂപത തലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ആരംഭിച്ചുകഴിഞ്ഞു. **മേഖലാതല ശിൽപശാല**കളുടെ സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു. മേഖലാതല ശിൽപശാലകൾ 9.30am ന്റെ വി. കുർബാനയോടുകൂടെയായിരിക്കും ആരംഭിക്കുക.

| | | | |
|---|---|---|---|
| സെപ്തം 8 | ഞായർ | 9.30 am to 4.00pm | പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം, തത്തമംഗലം(പാസ്റ്ററൽ സെന്റർ) |
| സെപ്തം 15 | ഞായർ | 9.30 am to 4.00pm | വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട് ഫൊറോനകൾ (വടക്കഞ്ചേരി ഫൊറോന പാരിഷ്ഹാൾ) |
| സെപ്തം 22 | ഞായർ | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ, പൊന്നംകോട്, മണ്ണാർക്കാട് ഫൊറോനകൾ (കാഞ്ഞിരപ്പുഴ ഫൊറോന പാരിഷ്ഹാൾ) |





**രൂപതാതല ശിൽപശാല:** രൂപതയിൽ നിന്നും സഭാതലത്തിലേയ്ക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയക്കുന്നതിനുള്ള ശിൽപശാല പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ശിൽപശാല നവംബർ 16-ാം തിയ്യതി വെകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 17-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു.

**സഭാതല ശിൽപശാല:** SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 26,27,28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്നു.

**മതാദ്ധ്യാപക ദിനം**

ഈ വർഷത്തെ മതാദ്ധ്യാപകദിനം ഒക്ടോബർ 2-ാം തിയ്യതി ബുധനാഴ്ചയാണ്. പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന മതദ്ധ്യാപകദിനാഘോഷങ്ങളിലേക്ക് എല്ലാ മതാദ്ധ്യാപകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. മതദ്ധ്യാപകദിനാഘോഷങ്ങൾക്ക് വരുന്ന എല്ലാ മതാദ്ധ്യാപകരും അവരുടെ ഐഡിന്റിറ്റി കാർഡുകൾ ഫോട്ടോ പതിച്ച് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി അവ ധരിച്ച് വരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| ഒക്ടോബർ 5ശനി | 10am to 4pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2013-2014 അദ്ധ്യായന വർഷത്തിലെ സ്കൂൾതല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മപദ്ധതിയും ഉടൻതന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## സ്റ്റാർസ്

blogspot: starspalghat.blogspot.in

ജൂലൈ മാസത്തിലെ ക്ലാസ്സിൽ പറഞ്ഞതുപ്രകാരം സ്റ്റാർസിലെ കുട്ടികളുടെ ബയോഡാറ്റ ശേഖരിക്കുന്നു. അതിനാൽ ബയോഡാറ്റ അയക്കാത്ത കുട്ടികൾ ഉടൻ തന്നെ ഈമെയിൽ ഐഡി ഉണ്ടാക്കി ബയോഡാറ്റ അയക്കാൻ ശ്രദ്ധിക്കുമല്ലോ.

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

## ബൈബിൾ അപ്പോസ്തലേറ്റ്

blogspot: bibleapostolatepalghat.blogspot.in

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. ലേവ്യർ 1-14
2. വി. ലൂക്കാ. 1-12
3. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം.

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2013 സെപ്റ്റംബർ 29-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും. പാഠ്യഭാഗത്തുനിന്ന് 95 ചോദ്യങ്ങളും ലഘുപഠനത്തിൽ നിന്ന് 8 ചോദ്യങ്ങളും ഉണ്ടായിരിക്കും. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങൾ ഉണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കാനുള്ളതാണ്. അവസാനം കൊടുത്തിരിക്കുന്ന 3 ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതാനുള്ളതാണ്.
NB: ഉത്തരക്കടലാസുകൾ സെപ്തംബർ 30-ാം തിയ്യതി തിങ്കളാഴ്ചതന്നെ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും ഇടവകയുടെ പേരുമടക്കം നവംബർ 1 ന്





മുൻപായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2013 നവംബർ 30, ഡിസംബർ 1 തിയ്യതികളിലായിട്ടായിരിക്കും നടക്കുക. സംസ്ഥാനതല എഴുത്തുപരീക്ഷ നവംബർ 30ന് രാവിലെ 9.30ന് ആരംഭിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു. ഈ വർഷം ലോഗോസ് പ്രതിഭക്ക് വിശുദ്ധനാട് തീർത്ഥാടനവും ഉണ്ടായിരിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളു കൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്



## തിരുബാലസഖ്യം

blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യം കലോത്സവം**

പ്രിയ ബഹു. അച്ചാ, ആനിമേറ്റർ, കുഞ്ഞുങ്ങളേ,

തിരുബാലസഖ്യം രൂപതാ കേന്ദ്രത്തിൽ നിന്നും പ്രാർത്ഥനാശംസകൾ.....

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗികകഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന, രൂപതാതല മത്സരങ്ങൾ ഈ വർഷവും നടത്തുന്നു. രൂപതാതല മത്സരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് **2014 ജനുവരി 4-ാം** തിയ്യതി ശനിയാഴ്ചയാണ്. അതിനുമുമ്പായി ഫൊറോന മത്സരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങ

ളിലായി ഫൊറോനതല മത്സരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ **2013 ഡിസംബർ 1ന്** മുമ്പായി രൂപത മതബോധനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഫൊറോന മത്സരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപത തലത്തിൽ മത്സരിക്കാവുന്നതാണ്.

വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടിക്ക് 2 എണ്ണത്തിലേ പങ്കെടുക്കാവൂ. മതബോധനത്തിന് 4-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ. ആദ്യകുർബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മത്സരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മത്സര ഇനങ്ങൾ**

**ജൂനിയേഴ്സ്** (1,2 ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥപറയൽ, പ്രസംഗം.

**സീനിയേഴ്സ്** (3, 4, ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ഗ്രൂപ്പ്സോംഗ്, ആക്ഷൻസോംഗ്, കഥാപ്രസംഗം ബൈബിൾ വാക്യങ്ങൾ എഴുതൽ, പ്രസംഗം.

**മത്സരനിയമാവലി**

**ലളിതഗാനം:** ക്രിസ്തീയഗാനങ്ങൾ ആയിരിക്കണം. സമയം: 5 മിനിട്ട്

**ആക്ഷൻ സോംഗ്:** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം: 5 മിനിട്ട് (ഇത് ഡാൻസ് ആകരുത്, സിംഗിൾ സ്റ്റെപ്പുമാത്രമേ പാടുള്ളു).

**ബൈബിൾ കഥപറയൽ:** ബൈബിൾ കഥ തന്നെയായിരിക്കണം. സമയം: 5 മിനിട്ട്

പ്രസംഗം: സമയം: 5 മിനിട്ട്

*വിഷയം:* പ്രവർത്തനനിരതമാകുന്ന വിശ്വാസം (സീനിയേഴ്സ്)

യേശു വഴിയും സത്യവും ജീവനും (ജൂനിയേഴ്സ്)

**ഗ്രൂപ്പ്സോംഗ്:** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീ





യമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മത്സരമുള്ളൂവെങ്കിലും കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം: 5 മിനിട്ട് (ഡ്രസ്സിന്റെ ഭംഗിനോക്കിയല്ല ഈ ഇനങ്ങളിൽ മാർക്കിടുന്നത്).

**കഥാപ്രസംഗം:** ബൈബിളിലെ കഥ തന്നെയായിരിക്കണം. പിന്നണി അനുവദനീയമല്ല. 15 മിനിട്ട് സമയം

**ബൈബിൾ വാക്യങ്ങൾ എഴുതൽ:** പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യംമുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി.ഒ.സി ബൈബിൾ ഉപയോഗിക്കുക. **വി. മത്തായിയുടെ സുവിശേഷത്തിൽനിന്ന് മാത്രമായിരിക്കണം ബൈബിൾ വാക്യങ്ങൾ എഴുതേണ്ടത്.** സമയം: 10 മിനിട്ട്

**ശ്രദ്ധിക്കുക**

**തിരുബാലസഖ്യം സംഘടനയുമായി ബന്ധപ്പെടുന്ന ഏത് പരിപാടിക്ക് വരുമ്പോഴും കുട്ടികൾക്കെല്ലാവർക്കും ബാഡ്ജ് ഉണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.**

**ഈ വർഷം ആൽബം മത്സരം ഉണ്ടായിരിക്കുന്നതല്ല.**

**ഫൊറോന സെമിനാറുകൾ**

| | | | |
|---|---|---|---|
| **സെപ്റ്റം.07** | **ശനി** | **9.30 am to 4.00 pm** | **മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **സെപ്റ്റം.19** | **വ്യാഴം** | **9.30 am to4.00pm** | **തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ)** |
| **സെപ്റ്റം.20** | **വെള്ളി** | **9.30 am to 4.00 pm** | **കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **സെപ്റ്റം. 21** | **ശനി** | **9.30 am to 4.00 pm** | **താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ഒക്ടോ. 12** | **ശനി** | **9.30 am to 4.00 pm** | **വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ)** |

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# അൾത്താരസംഘം

blogspot: abapalghat.blogspot.in

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| **സെപ്റ്റം.07** | **ശനി** | **9.30 am to 4.00 pm** | **മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **സെപ്റ്റം.19** | **വ്യാഴം** | **9.30 am to4.00pm** | **തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ)** |
| **സെപ്റ്റം.20** | **വെള്ളി** | **9.30 am to 4.00 pm** | **കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **സെപ്റ്റം. 21** | **ശനി** | **9.30 am to 4.00 pm** | **താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ഒക്ടോ. 12** | **ശനി** | **9.30 am to 4.00 pm** | **വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ)** |

**അൾത്താരസംഘത്തിന്റെ സെമിനാറിനായി വരുമ്പോൾ എ.ബി.എ. ഫ്ളാഗും അൾത്താരസംഘത്തിന്റെ റൂൾ ബുക്കും കൊണ്ടുവരേണ്ടതാണ്.**

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5, 6, 7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ

| | | |
|---|---|---|
| മെഗാക്വിസ് പഠനസഹായി **(ഡിക്രികൾ മാത്രം)**- | | 60 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |





ഫൊറോനതല മത്സരം ഒക്ടോബർ 16 ബുധൻ - ഫൊറോന കേന്ദ്രങ്ങളിൽ

രൂപതാതല മത്സരം ഡിസംബർ 14 ശനി - പാസ്റ്ററൽ സെന്റർ.

**ABA വാർഷിക റിപ്പോർട്ട്**

ഓരോ ഇടവകയിലേയും അൾത്താര ബാലന്മാരുടെ പ്രവർത്തനത്തെ വിലയിരുത്തി എ.ബി.എ. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സ്, സെക്രട്ടറി, അംഗങ്ങൾ, ആനിമേറ്റർ തുടങ്ങിയകാര്യങ്ങൾ ഉൾച്ചേർക്കേണ്ടതുണ്ട്. കൂടാതെ മതബോധന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കി എന്നകാര്യവും എ.ബി.എ. തിരുനാൾ ആഘോഷത്തെക്കുറിച്ചും എക്സ്പോഷർ പ്രോഗ്രാമിനെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്. ഡിസംബർ 31ന് മുൻപ് വാർഷിക റിപ്പോർട്ട് പാസ്റ്ററൽ സെന്ററിൽ ഏൽപ്പിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, അൾത്താരസംഘം

# ചെറുപുഷ്പ മിഷൻ ലീഗ്

പ്രിയ കുഞ്ഞു മിഷനറിമാരേ,

എല്ലാവർക്കും എട്ടുനോമ്പാചരണത്തിന്റെയും സമൃദ്ധമായ പൊന്നോണത്തിന്റെയും മംഗളങ്ങൾ നേരുന്നു. ഈ വർഷം നമുക്ക് നല്ലൊരു തുടക്കം ലഭിച്ചിരിക്കുകയാണ്. കഴിഞ്ഞ ആഗസ്റ്റ് 22-ാം തിയ്യതി പൊന്നങ്കോട് മേഖലാ ഏകദിന സെമിനാർ കല്ലടിക്കോട് ശാഖയിൽവച്ച് നടത്തപ്പെട്ടു. റവ. ഫാ. ഡോ. സേവ്യർ മാറാമറ്റം സെമിനാർ ഉദ്ഘാടനം നിർവ്വഹിച്ചു. 6 ശാഖകളിൽനിന്നായി 85 പേരോളം പങ്കെടുത്ത സെമിനാറിൽ രൂപതാസമിതി ക്ലാസ്സുകൾ നയിച്ചു. മുന്നോട്ടു പ്രവർത്തനങ്ങളിൽ തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നതോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

**2013 സെപ്തംബർ കർമ്മപരിപാടികൾ**

1 ഞായർ : എട്ടുനോമ്പാരംഭം-പ്രേക്ഷിത പ്രവർത്തനത്തിന്റെ വിജയത്തിനുവേണ്ടി മിഷൻ ലീഗ് അംഗങ്ങൾ എട്ട് നോമ്പ് ആചരിക്കുക.

4 ബുധൻ : മദർ തെരേസയുടെ ചരമവാർഷികം അധ്യാപകദിനം. അധ്യാപകരെ സമർപ്പിച്ച് പ്രാർത്ഥന നടത്തുക.

7 ശനി : സ്ഥാപക ഡയറക്ടർ ബഹു. ഫാ. ജോസഫ് മാലിപറമ്പിലിന്റെ 15-ാം ചരമവർഷിക ദിനാചരണം ആർപ്പൂക്കര ചെറുപുഷ്പ ദേവാലയത്തിൽ.

8 ഞായർ : മാതാവിന്റെ പിറവിതിരുനാൾ

14 ശനി : വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

21 ശനി : കരിശ്മ-2013 മംഗലംഡാം മേഖല ഏകദിന സെമിനാർ, മേഖലയിൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തുക.

**സംസ്ഥാന സാഹിത്യമത്സരം**

22 ഞായർ : മുൻ സംസ്ഥാന വൈസ് ഡയറക്ടർ റവ. ഫാ. അബ്രാഹം ഈറ്റയ്ക്കുന്നേലിന്റെ ചരമദിനം

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം-അദ്ധ്യാപകർക്കുവേണ്ടി.

* മേഖലാ കലോത്സവങ്ങൾ പൂർത്തിയാക്കുക.

* അനാഥാലയ സന്ദർശനം നടത്തുക.

സെപ്റ്റംബർ മാസത്തിൽ തന്നെ മേഖലാ കലോത്സവം പൂർത്തിയാക്കി ഒക്ടോബർ 2-ാം തിയ്യതി റിസൾട്ട് രൂപതയിൽ എത്തിക്കേണ്ടതാണ്. അല്ലാത്ത ഫോമുകൾ പരിഗണിക്കുന്നതല്ല.

എല്ലാ ശാഖകളും കലോത്സവത്തിനായി നന്നായി ഒരുങ്ങുക. സജ്ജീവമായി പങ്കെടുക്കുക.

കലാമത്സര ഇനങ്ങളിൽ മിഷൻ ക്വിസ് ഇനത്തിൽ 'വിശ്വാസം ജീവിച്ചവർ' എന്ന പുസ്തകത്തിലെ പഠനഭാഗം പേജ് 1 മുതൽ 83 വരെയായി ചുരുക്കിയിട്ടുണ്ട്. സൂപ്പർ സീനിയർ വിഭാഗത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനഭാഗംകൂടി ചേർത്തിട്ടുണ്ട്. കൂടാതെ ജൂനിയർ, സീനിയർ വിഭാഗത്തിന് സഭ, സംഘടന എന്നിവയെ അടിസ്ഥാനമാക്കി 20% ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് രൂപതാ മാർഗ്ഗരേഖ പേജ് 25, 26, 27, 28 നോക്കുക.

സുകൃതജപം: "വാഴ്ത്തപ്പെട്ട മദർ തെരേസേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ".

**ഫാ. നീലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ





# കെ. സി. വൈ. എം

**ഉത്സവ് 2013 നവംബർ 3**

കെ.സി.വൈ.എം തങ്ങളുടെ യുവജനങ്ങളുടെ കലാ-കായിക രംഗങ്ങളിലെ മികവ് മാറ്റുരക്കാൻ ഒരിക്കൽക്കൂടി ഒരുമിക്കുന്നു. നവംബർ 9നു നടക്കുന്ന രൂപത ഉത്സവിനോട് അനുബന്ധിച്ച് എല്ലാ ഫൊറോനകളും നവംബർ 3 നു മുമ്പ് കലാ-കായിക മത്സരങ്ങൾ നടത്തി രൂപത മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് നൽകേണ്ടതാണ്. കലാ-കായിക മത്സരങ്ങൾ വേർതിരിച്ച് ഒരേ ദിവസം തന്നെ നടത്തപ്പെടുന്നതാണ്. ഉത്സവ് 2013നെക്കുറിച്ചുള്ള വിശദവിവരങ്ങൾ സർക്കുലർ വഴി അറിയിക്കുന്നതാണ്.

**YEAST (Youth Empowerment And Spiritual Training )**

കെ.സി.വൈ.എം നേതൃത്വം നൽകിയ ഒരു വർഷം നീണ്ടു നിൽക്കുന്ന പഠനകളരികൾക്ക് സെപ്തംബർ 20,21,22 തിയ്യതികളിൽ വിരാമം കുറിക്കുന്നു. YEAST (Youth Empowerment And Spiritual Training )-ന്റെ അവസാന ക്ലാസുകൾ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ചാണ് നടക്കുന്നത്.

**രൂപത അർദ്ധവാർഷിക സെനറ്റ്**

ആഗസ്റ്റ് 9 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് കെ.സി.വൈ.എം അർദ്ധവാർഷിക സെനറ്റ് നടന്നു. 150 ഓളം യുവജനങ്ങൾ പങ്കെടുത്ത സെനറ്റിന് രൂപത പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ പതാക ഉയർത്തി ആരംഭം കുറിച്ചു. ബഹുമാനപ്പെട്ട രൂപത ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനം ബഹുമാനപ്പെട്ട ജോയിന്റ് ഡയറക്ടർ ഫാ. ആന്റോ കീറ്റിക്കൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഡയറക്ടർ ആമുഖം പറഞ്ഞു.സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ കുമാരി അനീറ്റ സഖറിയ, ശ്രീ. പ്രിൻസ് കളമ്പുക്കാട്ടിൽ, വൈസ് പ്രസിഡന്റ് കുമാരി അന്നു ചെറിയാൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. രൂപത സെക്രട്ടറി ശ്രീ. റെജി ഡൊമനിക് സ്വാഗതമാശംസിച്ച സമ്മേളനത്തിന് വൈസ് പ്രസിഡന്റ് ശ്രീ. അനൂപ് എ. ജെ. നന്ദി പറഞ്ഞു.

സെനറ്റിൽ ഫൊറോനകൾ തങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. രൂപത റിപ്പോർട്ട് ജന. സെക്രട്ടറി ശ്രീ. സംഗീത് മാർട്ടിനും രൂപത വരവ് ചെലവ് കണക്കുകൾ ശ്രീ. സെബിൻ ജോസും സെനറ്റിൽ അവതരിപ്പിച്ച് പാസാക്കി. തുടർന്ന് രൂപത ട്രഷറർക്ക് വേണ്ടി നടന്ന തെരഞ്ഞെടുപ്പിൽ സെനറ്റ് ആക്ടിംഗ് ട്രഷറർ ആയിരുന്ന സെബിൻ ജോസിനെ തെരഞ്ഞെടുത്തു. സംഘടനാ ചർച്ചകൾക്ക് ശേഷം വൈസ് പ്രസിഡന്റ് കുമാരി അന്നു ചെറിയാൻ പതാക താഴ്ത്തി സെനറ്റിന് സമാപനം കുറിച്ചു.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ

# ജീസസ് യൂത്ത്

**സ്വാഗതം**

ബിരുദ പഠനത്തിനുശേഷം ഒരു വർഷം ദൈവരാജ്യ ശുശ്രൂഷകൾക്കായി മാറ്റിവെച്ചുകൊണ്ട് കളമശ്ശേരി എമ്മാവൂസിൽവെച്ച് നടത്തപ്പെട്ട 40 ദിവസം നീണ്ടുനിന്ന ഫുൾടൈമർഷിപ്പ് ട്രെയ്നിംഗ് പ്രോഗ്രാമിൽ സംബന്ധിച്ച് പാലക്കാട് രൂപതയിലേക്ക് നിയോഗിക്കപ്പെട്ട ജീസസ് യൂത്ത് ഫുൾടൈമർ ശ്രീ. വർഗ്ഗീസിന് ഹൃദ്യമായ സ്വാഗതം.

**യുവജന പ്രാർത്ഥനാകൂട്ടായ്മകൾ**

പാലക്കാട് രൂപതയിലെ ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലവിലുള്ള യുവജന പ്രാർത്ഥനാകൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിനും ഇല്ലാത്ത ഇടങ്ങളിൽ പുതിയവ ആരംഭിക്കുന്നതിനുമായി ഫുൾടൈമറുടെ സേവനം ലഭ്യമാണ്. പാസ്റ്ററൽ സെന്ററിൽ താമസിച്ചുകൊണ്ട് ശുശ്രൂഷ നിർവ്വഹിക്കുന്ന ഫുൾടൈമറുടെ സേവനം ആവശ്യമായിട്ടുള്ളവർ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

8606275616 (വർഗ്ഗീസ് - ഫുൾടൈമർ)

9544317871 (ഫാ. ജെയ്മോൻ പള്ളിനീരാക്കൽ)

## YOU (Youth of Uniqueness) 2013

ജീസസ് യൂത്ത് കേരളാ ക്യാമ്പസ് ടീമിന്റെ ആഭിമുഖ്യത്തിൽ അങ്കമാലി വിശ്വജ്യോതി സി. എം. ഐ. പബ്ലിക് സ്കൂളിൽവച്ച് നടത്തപ്പെട്ട നാല് ദിവസം നീണ്ടുനിന്ന 'YOU 2013' പ്രോഗ്രാമിൽ പാലക്കാട് സോണിൽനിന്ന് 20 ഓളം പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദങ്ങൾ.

## CHARIS 2013

ഒലവക്കോട് NSS എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ ഒലവക്കോട് സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽവച്ച് ആഗസ്റ്റ് 22-ാം തിയ്യതി വ്യാഴാഴ്ച നടത്തപ്പെട്ട ഏകദിന പരിപാടിയിൽ 100-ഓളം യുവതീ-യുവാക്കൾ സംബന്ധിച്ചു. പ്രോഗ്രാമിന് നേതൃത്വം കൊടുത്ത NSS എഞ്ചിനീയറിംഗ് കോളേജിലെ എല്ലാ ജീസസ് യൂത്ത് അംഗങ്ങൾക്കും അഭിനന്ദങ്ങൾ. പ്രസ്തുത പരിപാടിയിൽ ആശംസയർപ്പിച്ച പെരി. ബഹു. ജോസ് കൊച്ചുപറമ്പിലച്ചനും അനുഭവങ്ങൾ പങ്കുവെച്ച അൽജോ കുറ്റിക്കാടനച്ചനും സ്ഥലവും സൗകര്യവും നൽകിയ ഒലവക്കോട് ഹോളി ഫാമിലി കോൺവെന്റിലെ സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ







# മാതൃസംഘം

**2013 സെപ്റ്റംബർ**

ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലുള്ള വിശ്വാസവും പുണ്യവാന്മാരുടെ ഐക്യത്തിലുള്ള വിശ്വാസം.

സെപ്റ്റംബർ 21 - മാതൃസംഘം ഫൊറോനാതല ഏകദിന സെമിനാറുകൾ പ്രബന്ധമത്സരം - വിശ്വാസത്തിന്റെ ജീവചൈതന്യം (വിശ്വാസ ജീവന്റെ സംരക്ഷകരും പ്രോത്സാഹകരും)

അല്മായ ശാക്തീകരണം - വിശ്വാസികളുടെ പൊതുപൗരോഹിത്യം.

**ഫാ. റെജി മാത്യു പെരുമ്പിള്ളിൽ**
ഡയറക്ടർ



# പിതൃസംഘം

പിതൃസംഘത്തിന്റെ യൂണിറ്റുകൾ സ്ഥാപിച്ച ഇടവകകൾ യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുമല്ലോ. യൂണിറ്റ് രൂപീകരിക്കാത്ത ഇടവകകളിൽ ഈ ജൂബിലി വർഷത്തിൽ രൂപീകരിക്കാൻ ശ്രമിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, പിതൃസംഘം



# കുടുംബകൂട്ടായ്മ

**കുടുംബകൂട്ടായ്മയുടെ നടത്തിപ്പ്ക്രമം - ഒരു മാർഗ്ഗരേഖ**

ഇടവക സമൂഹത്തെ കൂട്ടായ്മയിൽ വളർത്താനും അജപാലനകാര്യങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമമാക്കുന്നതിനുമാണ് കുടുംബസമ്മേനം (രൂപത നിയമാവലി 133.1). ഇടവകയുടെ പ്രവർത്തനങ്ങളിൽ അത്മായ പങ്കാളിത്തം സജീവമാക്കാൻ കുടുംബസമ്മേളനങ്ങൾ സഹായകമാണ് (133.2). ദൈവവചനം പഠിക്കുക, ആനുകാലിക വിഷയങ്ങൾ ചർച്ചചെയ്യുക, കുടും

ബങ്ങളുടെ പ്രത്യേകിച്ച് കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കുക, തിരുനാളുകൾ, വാർഷികാഘോഷങ്ങൾ, മതബോധനം, ധ്യാനം തുടങ്ങിയവ സഹകരണത്തോടെ നടത്തുക, കുടുംബങ്ങളും, വ്യക്തികളും തമ്മിലുളള ഭിന്നത തീർക്കുക തുടങ്ങിയവയൊക്കെ കുടുംബക്കൂട്ടായ്മ കേന്ദ്രീകരിച്ച് നടക്കണം. അതുപോലെ ചികിത്സ, ഭവനനിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, മരണാനന്തര കാര്യങ്ങൾ എന്നിവയ്ക്ക് പ്രത്യേക സഹായം ആവശ്യമെങ്കിൽ അക്കാര്യം യൂണിറ്റിൽ ചർച്ചചെയ്യുകയും സഹായം നല്കുകയും ചെയ്യണം (133.8). അതുകൊണ്ട് നമ്മുടെ രൂപതയിൽ കുടുംബക്കൂട്ടായ്മയ്ക്ക് ഒരു ഏകീകൃതസ്വഭാവം വേണമെന്ന് യൂണിറ്റ് ഭാരവാഹികളുടെ നിർദ്ദേശപ്രകാരം താഴെ പറയുന്ന കാര്യങ്ങൾ ബഹു. വികാരിയച്ചൻമാർ പ്രാവർത്തികമാക്കുമല്ലോ:

1. മാസത്തിൽ ഒരുപ്രാവശ്യം മുടങ്ങാതെ നടത്തണം.
2. ചുരുങ്ങിയത് ഒന്നര മണിക്കൂർ നേരമെങ്കിലും ഉണ്ടായിരിക്കണം.
3. ആരംഭത്തിലോ അവസാനത്തിലോ അരമണിക്കൂർനേരം പ്രാർത്ഥനയ്ക്ക് ഉപയോഗിക്കുക, ബാക്കി സമയം മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുക.
4. രൂപത ബുള്ളറ്റിനിൽ അടിച്ചുവരുന്ന പഠനങ്ങൾ തീർച്ചയായും ചർച്ചാ വിഷയമാക്കണം. അതിന്റെ കോപ്പികൾ ആവശ്യമുണ്ടെങ്കിൽ എന്നെ സമീപിക്കുക. അച്ചൻതന്നെ ചർച്ചയ്ക്ക് നേതൃത്വം കൊടുക്കണമെന്നില്ല.
5. അടുത്ത കുടുംബകൂട്ടായ്മ എവിടെവച്ചാണ് എന്ന് തീരുമാനിച്ച് എല്ലാവരെയും അറിയിക്കണം.
6. റിപ്പോർട്ടും കണക്കുവായനയും ഉണ്ടായിരിക്കണം.
7. യൂണിറ്റിലെ അഞ്ച് ഭാരവാഹികളുടെയും പ്രത്യേക പങ്കാളിത്തം ഉണ്ടായിരിക്കണം.
8. യൂണിറ്റിന്റെ വാർഷികം ലളിതമായെങ്കിലും എല്ലാ വർഷവും നടത്തണം (133.10).
9. യൂണിറ്റു ഭാരവാഹികളുടെ ഏകോപനസമിതിയും കൺവീനർമാരും ഉണ്ടായിരിക്കണം (133.10).
10. കുടുംബത്തിലെ എല്ലാവരും, കുട്ടികൾ ഉൾപ്പെടെ കുടുംബക്കൂട്ടായ്മയിൽ പങ്കെടുക്കാൻ ആവശ്യപ്പെടണം.

**ഫാ.ജോർജ്ജ് തുരുത്തിപ്പള്ളി**
**കുടുംബക്കൂട്ടായ്മ ഡയറക്ടർ**





# ഫാമിലി അപ്പോസ്റ്റലേറ്റ്

**പ്രീകാന കോഴ്സ്**

**സെപ്റ്റംബർ** മാസത്തിലെ പ്രീകാനകോഴ്സ് 2, 3, 4, 5 തിയ്യതികളിലും **ഒക്ടോബർ** മാസത്തിലെ പ്രീകാനകോഴ്സ് 7,8,9,10 തിയ്യതികളിലുമായി മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.
പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

# സി. എൽ. സി

**ക്വിസ് മത്സരഫലം**

**ജൂനിയർ**

| | | | |
|---|---|---|---|
| I. | J 002 | മംഗലംഡാം | ഡോണ ഷാജി, നമിത ജോർജ്ജ് |
| II. | J 006 | പൊന്നങ്കോട് | സൗമ്യ |
| III. | J 005 | നെന്മാറ | ജിബിൻ പയസ്, അനിറ്റ ബിജു |

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I. | S 005 | മരിയ നഗർ, ചിറ്റടി | സെബാസ്റ്റ്യൻ അലക്സ്<br>മരിയ ജെയിംസ് |
| II. | S 006 | തത്തമംഗലം | അഖിൽ മാണി, ജെബിൻ തോമസ് |
| III. | S 003 | മംഗലംഡാം | ലിയ മാർട്ടിൻ, അജിത് ആന്റണി |

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**മദ്യവിമുക്ത സഭയും സമൂഹവും**

കത്തോലിക്കാ സഭാംഗങ്ങൾ മദ്യവിമുക്തരാകണം. മദ്യവിമുക്തരായ സഭാംഗങ്ങളുടെ സാമിപ്യവും പ്രേരണയും സ്വാധീനവും വഴി ചുറ്റുമുള്ള മറ്റാളുകളും മദ്യമെന്ന മഹാപിവത്തിൽനിന്ന് മോചിക്കപ്പെടണം. ഇടവകയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനാ പ്രതിനിധികളിലൂടെ ഇടവക മുഴുവനേയും മദ്യവിരുദ്ധ മനോഭാവത്തിലേക്ക് നയിക്കാം. സഭയുടെ ചെറിയ പതിപ്പാണ് ഇടവക. ഒപ്പം സഭയുടെ അടിസ്ഥാന വളർച്ചയും വികാസവും ഇടവകയിലാണ് നടക്കേണ്ടത്. ആ നിലയ്ക്ക് ആധുനിക ലോകത്തിന്റെ വലിയ ശാപമായ മദ്യവിപത്തിനെ ഇടവകയിൽനിന്ന് ഉന്മൂലനം ചെയ്യാൻ പരിശ്രമിക്കാം.

**ലഹരിവിമോചന കേരളയാത്ര**

ലഹരിവിമോചന കേരളയാത്രയ്ക്ക് രൂപതയിലെ വിവിധകേന്ദ്രങ്ങളായ മണ്ണാർക്കാട്, കല്ലടിക്കോട്, പാലക്കാട്, കൊടുവായൂർ, നെന്മാറ, വടക്കഞ്ചേരി എന്നിവടങ്ങളിൽ സ്വീകരണം നൽകി. ഈ യാത്രയുടെ സ്വീകരണപരിപാടികളുടെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച രൂപതാഭാരവാഹികൾ, ഫൊറോന ഡയറക്ടർമാർ, ഫൊറോന ഭാരവാഹികൾ എന്നിവർക്കും ഇവരോട് സഹകരിച്ച് പ്രവർത്തിച്ച ഫൊറോന വികാരിയച്ചന്മാർക്കും പൊതുസമ്മേളനങ്ങൾക്ക് ഇടവകജനത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്തിയ വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി. തുടർന്നും നമുക്കൊരുമിച്ച് ലഹരി വിപത്തിനെതിരെ പോരാടാം.

**ഫാ. ജിജോ പാറയിൽ**
ഡയറക്ടർ

# നവീകരണ മുന്നേറ്റം

**പുതുചൈതന്യം പകർന്ന് നവജീവൻ 2013**

പാലക്കാട് സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ ജൂലൈ 20 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നവജീവൻ 2013 എന്ന പേരിൽ കരിസ്മാറ്റിക് സംഗമം നടത്തി. രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെയായിരുന്നു കൂട്ടായ്മ. മാർ ജേക്കബ് മനത്തോടത്ത് അനുഗ്രഹപ്രഭാഷണം നടത്തുകയും Zume ലീഡേഴ്സ് ട്രെയിനിംങ്ങ് പ്രോഗ്രാമിന്റെ ആദ്യബാച്ചിൽ പങ്കെടുത്തവർക്ക് മെമെന്റോ നൽകുകയും ചെയ്തു. റവ. ഫാ. റെനി പുല്ലുകാലായിൽ, തോമസ് കുര്യൻ (കോട്ടയം), ജോസ് (കണ്ണൂർ) ഫ്രാങ്കോ ജോസഫ്,





സോണൽ കോഡിനേറ്റർ ഉമ്മൻ മാത്യു PST അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സോണിലെ വിവിധ പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നായി 150 തിലേറെപേർ ഈ കൂട്ടായ്മയിൽ പങ്കെടുത്തു.

**Zume- 2 ലീഡേഴ്സ് ട്രെയിനിംങ്ങ് പ്രോഗ്രാം**

ജൂലൈ 20 ന് നടന്ന നവജീവൻ 2013 പ്രോഗ്രാമിൽവെച്ച് ലീഡേഴ്സ് ട്രെയിനിംങ്ങ് പ്രോഗ്രാമിന്റെ പുതിയ ബാച്ച് ആരംഭിച്ചു. അടുത്ത ക്ലാസ് ആഗസ്റ്റ് 16 ന് വൈകീട്ട് 4 മുതൽ 17 ശനി വൈകീട്ട് 4 വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. ശ്രീ. തോമസ് കുര്യൻ, റവ. ഫാ. റെനി പുല്ലുകാലായിൽ എന്നിവർ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക- 9446728293

**വചനോത്സവവുമായി തെരുവിലേയ്ക്ക്**

ലീഡേഴ്സ് പ്രോഗ്രാമിൽ പങ്കെടുത്തവർ സുവിശേഷപ്രവർത്തനങ്ങളുടെ ഭാഗമായി 3500 ലധികം വചനോത്സവങ്ങൾ വിതരണം ചെയ്തു. ജൂലൈ 1 ന് രാവിലെ പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചതിനുശേഷമായിരുന്നു ഈ ശുശ്രൂഷ. റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റാന്റുകൾ, ഗവ. ഹോസ്പിറ്റൽ, സിവിൽസ്റ്റേഷൻ, എന്നിവിടങ്ങളിലും ടൗണിന്റെ വിവിധ ഭാഗങ്ങളിലും ഇവ വിതരണം ചെയ്തു. ഇതിൽ പങ്കെടുത്ത എല്ലാവർക്കും ഇത് വലിയ ആത്മീയ അനുഭവമായിരുന്നു. തുടർന്ന് എല്ലാ മാസവും ഇത് തുടരാനും തീരുമാനമെടുത്തു.

**പ്രാർത്ഥനാഗ്രൂപ്പുകൾ ഇടവകയുടെ പവ്വർഹൗസ്**

ഇടവകകളിൽ പ്രാർത്ഥനാഗ്രൂപ്പുകൾ പുതുതായി രൂപീകരിക്കാനും ഉള്ളവയെ ശക്തിപ്പെടുത്താനും സോണിലെ കരിസ്മാറ്റിക് നേതൃത്വം ആഗ്രഹിക്കുന്നു. ഇതിനായി നമുക്കൊരുമിച്ച് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.

**മദ്ധ്യസ്ഥ പ്രാർത്ഥനാകൂട്ടായ്മകൾ**

എല്ലാ ചൊവ്വാഴ്ചയും 2.00 pm-5.00pm മണ്ണാർക്കാട് പ്രസാദമാതാ പള്ളിയിൽ
എല്ലാ ബുധനാഴ്ചയും 10.00am - 3.00 pm കാഞ്ഞിരപ്പുഴ ഫൊറോന പള്ളിയിൽ
എല്ലാ വ്യാഴാഴ്ചയും 10.00am-1.00pm വള്ളിയോട് സെന്റ് ജോസഫ് കോൺവെന്റ് ചാപ്പലിൽ
എല്ലാ വെള്ളിയാഴ്ചയയും10.00 am 3.00pm പാലക്കാട് പാസ്റ്ററൽ സെന്ററിൽ കരിസ്മാറ്റിക് ഓഫീസിൽ.

**ജാഗരണ പ്രാർത്ഥന**

ആഗസ്റ്റ് 30-ാം തിയ്യതി വെള്ളിയാഴ്ച വൈകുന്നേരം 7.30 മുതൽ ശനി രാവിലെ 5.00 വരെ പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രലിൽ വെച്ച് നടക്കുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| സെപ്തംബർ | 01-06 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| സെപ്തംബർ | 15-20 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| സെപ്തംബർ | 22-26 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| സെപ്തംബർ | 26-29 | സിസ്റ്റേഴ്സ് വരദാന വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710

**സെഹിയോൻ കൺവെൻഷൻ**

സെപ്തംബർ 15 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org





**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്



# സെമിനാരി വാർത്തകൾ

ഈ വർഷം നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചവർ:

1. റിനോ ആലിലക്കുഴിയിൽ (ജെല്ലിപ്പാറ)
2. ജീസൺ ചെറുവത്തൂർ (കത്തീഡ്രൽ)
3. മെൽജോ ചിറമ്മേൽ (കഞ്ചിക്കോട്)
4. സാൻജോ ചിറയത്ത് (കഞ്ചിക്കോട്)
5. സൈമൺ കൊള്ളന്നൂർ (കത്തീഡ്രൽ)
6. ഷാന്റോ കാനാട്ട് (മണ്ണാർക്കാട്)
7. ടോണി കൊരണ്ടിക്കാട്ട് (ജെല്ലിപ്പാറ)
8. ബിബിൻ തെക്കേക്കൂറ്റ് (കാഞ്ഞിരപ്പുഴ)
9. റോബിൻ പനയ്ക്കൽ (കത്തീഡ്രൽ)
10. സോനു ഇടനാട് (കുളക്കാട്ടുകുറിശ്ശി)
11. സോണി വെട്ടിക്കുന്നേൽ (കടപ്പാറ)
12. നിജിൻ താഴത്തുവീട്ടിൽ (താവളം)
13. അലക്സ് കുളപ്പുര (ചിറ്റൂർ, പാലക്കാട്)
14. ഡെറിക്സൺ ഫാത്തിമായിൽ (ആനക്കല്ല്)
15. മിഥുൻ മരോട്ടിമൂട്ടിൽ (ഷോളയൂർ)
16. അജിൻ പാറേക്കാട്ടിൽ (തുറവൂർ-ഫരിദാബാദ് രൂപത)

**ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ**

റെക്ടർ

# പി. എസ്. എസ്. പി.

### ഓറിയന്റേഷൻ ക്ലാസ്സുകൾ

പി.എസ്.എസ്.പി നടപ്പിലാക്കുന്ന വിവിധ സ്കീമുകളെക്കുറിച്ചുള്ള വിവരണങ്ങൾ വിവിധ സ്ഥലങ്ങളിൽ വച്ച് നടന്നു വരുന്നു. പ്രസ്തുത ക്ലാസ്സുകളിൽ മുഖ്യമായും പ്രതിപാതിക്കുന്ന വിഷയങ്ങൾ:

1. കേന്ദ്ര ഗവൺമെന്റ് നബാർഡ്, പിഎസ്എസ്പി നടപ്പിലാക്കുന്ന ണടഒഏ കുടുംബശ്രീ അംഗങ്ങളല്ലാത്ത സ്ത്രീകൾക്ക് ഗുണഭോക്താക്കളാകാം.

2. ദേശീയ പിന്നോക്ക ന്യൂനപക്ഷ വികസന കോർപ്പറേഷൻ പി.എസ്.എസ്.പിയുമായി ചേർന്ന് നടപ്പിലാക്കുന്ന വരുമാന ദായക പദ്ധതി-സ്ത്രീകൾക്ക് അയൽക്കൂട്ടങ്ങളിലൂടെ.

3. കർഷകർക്കുവേണ്ടി ബാങ്ക് ഓഫ് ഇന്ത്യ-നബാർഡ്-പി.എസ്.എസ്.പി എന്നീ സ്ഥാപനങ്ങൾ സംയുക്തമായി ചേർന്ന് നടപ്പിലാക്കുന്ന കൂട്ടുബാധ്യതാ (ഖഘഏ) കർഷകസംഘ പരിപാടി. ഇതിലൂടെ 4% പലിശയ്ക്ക് കാർഷിക പ്രവർത്തനങ്ങൾക്ക് ലോൺ ലഭ്യമാക്കുന്നു.

4. കേന്ദ്ര നാളികേര വികസന ബോർഡും പി.എസ്.എസ്.പിയുമായി ചേർന്ന് നടപ്പിലാക്കുന്ന യന്ത്രവത്കൃത തെങ്ങ്കയറ്റ പരിശീലനം തികച്ചും സൗജന്യം.

5. കർഷകർക്കുള്ള വിവിധ വിള ഇൻഷുറൻസ് പദ്ധതികൾ

6. ആരോഗ്യ ഇൻഷുറൻസ് പരിപാടി

7. കെ.സി.ബി.സി ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.എൽ.എമ്മിലൂടെ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ സംരക്ഷണ പദ്ധതികൾ: സംസ്ഥാന സർക്കാർ ക്ഷേമനിധികളിൽ ചേരാൻ അവസരം, കേന്ദ്ര സർക്കാർ പെൻഷൻ പദ്ധതിയിൽ അംഗത്വം, സ്കോളർഷിപ്പുകൾ തുടങ്ങിയവ...

(തുടർന്ന് അംഗങ്ങളായി രജിസ്റ്റർ ചെയ്യുവാൻ അവസരം ഉണ്ടായിരിക്കുന്നതാണ്)

പി.എസ്.എസ്.പിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഗവ.സ്ഥാപനമായി ജൻ ശിക്ഷൻ സൻസ്ഥാൻ നടപ്പിലാക്കുന്ന വിവിധ പരിശീലന, സംരംഭകത്വ പരിപാടികൾ.





### സെപ്തംബർ മാസത്തിൽ ക്ലാസ്സുകൾ നടക്കുന്ന സ്ഥലങ്ങൾ:

| | | |
|---|---|---|
| സെപ്തംബർ 8 | കരിമ്പ പാരിഷ്ഹാൾ | 8.30am |
| സെപ്തംബർ 8 | പന്തലാംപാടം | 8.30am |
| സെപ്തംബർ 28 | പാസ്റ്ററൽ സെന്റർ, പാലക്കാട് | 2.30pm |
| സെപ്തംബർ 29 | മേലാർക്കോട് പള്ളി | 8.30am |
| സെപ്തംബർ 29 | രാജഗിരി | 8.30am |

### ജില്ലാ വിമൻസ്ഹെഡ് മീറ്റിംഗ്

2013 സെപ്റ്റംബർ മാസം 4-ാം തീയതി ബുധനാഴ്ച കാലത്ത് 11.00 ന് ജില്ലാ വിമൻസ് ഹെഡ് മീറ്റിംഗ് പി എസ് എസ് പിയിൽ വച്ചു നടത്തുന്നു.

### ബ്ലോക്ക് ഹെഡ് മീറ്റിംഗ്

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 02.09.13 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11am to 1pm |
| 09.09.13 | തിങ്കൾ | പാലക്കാട്/മലമ്പുഴ | കിഴക്കഞ്ചേരിക്കാവ് | 11am to 1pm |
| 11.09.13 | ബുധൻ | മണ്ണാർക്കാട് | കാരാപ്പാടം | 11am to 1pm |
| 12.09.13 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11am to 12pm |
| 25.09.13 | ബുധൻ | ആലത്തൂർ | FCC | 11am to 1pm |
| 26.09.13 | വ്യാഴം | കുഴൽമന്ദം | കുഴൽമന്ദം | 11am to 1pm |

### റീജിയണൽ ഓഫീസ് ദിവസങ്ങൾ

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 17.09.2013 | ചൊവ്വ | സാൻജോ ടവ്വർ | 11.00 to1.00pm |
| 24.09.2013 | ചൊവ്വ | കരിമ്പപാരിഷ്ഹാൾ | 11am to1.00 pm |
| 25.09.2013 | ബുധൻ | FCC വടക്കഞ്ചേരി | 11am to 1.00pm |

### ഓണാഘോഷങ്ങൾ

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം |
|---|---|---|---|
| 5.9.13 | വ്യാഴം | പാലപ്പുറം സമാജ്യം | പാലപ്പുറം പാരിഷ്ഹാൾ |
| 6.9.13 | വെള്ളി | പാലക്കാട്/ മലമ്പുഴ/കുഴൽമന്ദം | കൊടുന്തിരപ്പുള്ളി |

| | | | |
|---|---|---|---|
| 7.9.13 | ശനി | അട്ടപ്പാടി | |
| 14.9.13 | ശനി | PSSP ജില്ലാതല ഓണം | കത്തീഡ്രൽ സ്കൂൾ |
| 18.9.13 | ബുധൻ | ആലത്തൂർ | കത്തീഡ്രൽ പാരിഷ്ഹാൾ |
| 19.9.13 | വ്യാഴം | മണ്ണാർക്കാട് | പൊന്നംകോട് പാരിഷ്ഹാൾ |
| 21.9.13 | ശനി | ശ്രീകൃഷ്ണപുരം | പുലാപറ്റ പാരിഷ്ഹാൾ |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നബാർഡ് WSHG**

നബാർഡിന്റെ നേതൃത്വത്തിൽ പി.എസ്.എസ്.പി ജില്ലയിൽ ആരംഭിച്ച 300 അയൽക്കൂട്ടങ്ങളുടെ ട്രേഡിംഗ് ബാങ്ക് നടത്തി വരുന്നു. 300 ഗ്രൂപ്പുകൾക്കുംകൂടി സെപ്തംബർ 30ന് മുമ്പ് ബാങ്കുകൾ 3 കോടി രൂപ വായ്പ നൽകും. പുതിയ 250 ഗ്രൂപ്പുകൾകൂടി ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**മതന്യൂന പക്ഷ ഗ്രൂപ്പുകൾക്കുള്ള വായ്പ**

പി.എസ്.എസ്.പിയിൽ അഫിലിയേറ്റു ചെയ്ത 73 മത ന്യൂനപക്ഷ ഗ്രൂപ്പുകൾക്ക് ചെറിയ സംരംഭങ്ങൾ തുടങ്ങുന്നതിനു വേണ്ടി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് 3 ശതമാനം പലിശനിരക്കിൽ വായ്പ അനുവദിച്ചു. ഇതു ലഭിക്കുവാനുള്ള നടപടികൾ നടത്തി വരുന്നു.





**LIC Micro Insurance**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ജി ജി ഫുഡ്സ്**

നമ്മുടെ കൂട്ടായ്മകളിലും ആഘോഷങ്ങളിലും അമ്മയുടെ പാചകം അതേ രുചി ഭാവത്തോടെ ചക്ക വിഭവങ്ങൾ ലഭ്യമാക്കുന്നു. പി.എസ്.എസ്.പിയുടെ ജി.ജി ഫുഡ്സ് വിഭവങ്ങൾ ഓർഡർ അനുസരിച്ച് ലഭിക്കുന്നതാണ്.

ചക്ക, ഉണ്ണിയപ്പം, ചക്കപ്പുഴുക്കും, കോഴിക്കറിയും, കുമ്പിൾ അപ്പം, ചക്ക പായസം.

ഓർഡർ ബുക്കിംഗിന്

കൊയ്നോണിയ സൂപ്പർ മാർക്കറ്റ് - 9446420395

പി.എസ്.എസ്.പി - 9447180679

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കെ.എൽ.എം. പാലക്കാട്

* കെ.എൽ.എം രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് ആഗസ്റ്റ് 15, 2 pm പാസ്റ്ററൽ സെന്ററിൽ വച്ച്
* കെ.എൽ.എം റീജിയണൽ മീറ്റിംഗ് ആഗസ്റ്റ് 7 ഇരിഞ്ഞാലക്കുട
* കെ.എൽ.എം ലീഡേഴ്സിനുള്ള പരിശീലനം ആഗസ്റ്റ് 9,10,11 തൃശൂർവച്ച്

ആഗസ്റ്റ് മാസത്തിലെ യൂണിറ്റ് മീറ്റിംഗുകൾ രജിസ്ട്രേഷൻ

| Sl.No. | Date | സ്ഥലം | സമയം |
|---|---|---|---|
| 1 | 4.8.2013 | ഇരുമ്പകച്ചോല | 8 pm |
| 2 | 11.8.2013 | മുണ്ടൂർ | 8am |
| | | ഒലിപ്പാറ | 2pm |
| 3 | 18.8.2013 | ചുള്ളിയാംകുളം | 8am |
| 4. | 25.8.2013 | പുല്ലിശ്ശേരി | 8am |
| | | കൈതച്ചിറ | 11am |

**ചക്ക 365 ദിവസവും**

ചക്കകൊണ്ടുള്ള വിഭവങ്ങൾ- ചക്ക ഉണങ്ങിയത്, ചക്കപ്പുഴുക്ക്, ചക്ക ഉണ്ണിയപ്പം, കുമ്പിളപ്പം,ചക്കപ്പായസം, ചക്കക്കുരുകേക്ക് ഇവ ഓർഡർ അനുസരിച്ച് ഉണ്ടാക്കി, എത്തിച്ച് കൊടുക്കുന്നതാണ്. പി.എസ്.എസ്. പി. നടപ്പിലാക്കുന്ന ഈ നവീന പരിപാടിക്ക് എല്ലാവരുടേയും പിന്തുണ പ്രതീക്ഷിക്കുന്നു.

കൊയ്നോണിയ സൂപ്പർ മാർക്കറ്റിൽ നേരിട്ടോ, 9446420395, 9447180679 എന്നീ ഫോണിലോ ബന്ധപ്പെടുക.

**കെ. എൽ. എം., പാലക്കാട്**

2012 സെപ്തംബർ മാസത്തിൽ വിവിധ ക്ഷേമനിധികളിലും, സുരക്ഷാ പെൻഷൻ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ ചേർന്നിട്ടുള്ളവർ പ്രശസ്ത ദിവസത്തിനു മുമ്പായി വാർഷിക വരിസംഖ്യ ആരംഭിക്കുമെന്ന് താത്പര്യപ്പെടുന്നു. ആനുകൂല്യങ്ങൾ ലഭിക്കുവാൻ ഇത് അനിവാര്യമാണ്.

ഈ മാസം കെ.എൽ.എം പദ്ധതികളെക്കുറിച്ചുള്ള ക്ലാസ്സുകളും, പദ്ധതികളിൽ ചേരിവാനുള്ള അവസരവും താഴെപറയുന്ന സ്ഥലങ്ങളിൽ വച്ച് നടക്കുന്നതാണ്.

| | | |
|---|---|---|
| സെപ്തംബർ 8 | കരിമ്പ പാരിഷ്ഹാൾ | 8.30 |
| 28 | പാസ്റ്ററൽ സെന്റർ | 2.30 |
| 29 | മേലാർകോട് | 8.30 |

എല്ലാ ദിവസവും പാസ്റ്ററൽ സെന്ററിലുള്ള കെ.എൽ.എം ഓഫീസ് തുറന്ന് പ്രവർത്തക്കുന്നതാണ്. (ഞായർ, തിങ്കൾ ഒഴികെ)

ഫോൺ: 8281876395

**ഫാ. ജേക്കബ് മാവുങ്കൽ**

ഡയറക്ടർ





# From the Bishop's Diary

**2013 ജൂലൈ**

29 – അമല ആശുപത്രിയിൽ ഓപ്പറേഷന് വിധേയനായ ബഹു. എജുഡീയൂസ് സി.എം.ഐ. അച്ചനെ സന്ദർശിച്ചു.

– മരിയാംപുരം എം.എം.ബി. പ്രൊവിൻഷ്യൽ ഹൗസിൽ ബ്രദർ തെയോഫിൻ തളിയത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുപാടി.

30 – ചേർത്തല പാലൂത്ര പള്ളിയിൽ ബഹു. ജേക്കബ് എറനാട്ട് അച്ചന്റെ 40-ാം ചരമദിനം പ്രമാണിച്ചുള്ള സമൂഹബലിക്ക് പ്രധാനകാർമ്മികത്വം വഹിച്ചു.

– മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം രൂപതാ ഡയറക്ടർമാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– സംസ്ഥാന മതാദ്ധ്യാപക പ്രതിനിധികൾക്കുവേണ്ടി മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട ക്യാമ്പിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

31 – നെന്മാറ ഇടവകയിൽ ഫാ. ജോസ് ടോം എസ്.ഡി.ബി.യുടെ മാതാവിന്റെ മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

– കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ബിഷപ്സ് ഡേയോട് അനുബന്ധിച്ച പരിപാടിയിൽ സംബന്ധിച്ചു.

**2013 ആഗസ്റ്റ്**

1 – പഴുവിൽ സെന്റ് ആന്റണീസ് ഫൊറോന ഇടവകയിൽ ബഹു. ജോഷി പുലിക്കോട്ടിൽ അച്ചന്റെ പിതാവിന്റെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

2 – മലമ്പുഴ കൃപാസദനും സ്ഥാപനങ്ങളും സന്ദർശിച്ചു.

3 – സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ എഫ്.സി.സി. ജനറൽ ടീമിന്റെയും പ്രൊവിൻഷ്യൽ ടീമുകളുടേയും സംയുക്ത സമ്മേളനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

4 – ശ്രീകൃഷ്ണപുരം സെന്റ് ജോസഫ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പൊതുയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– കോട്ടപ്പുറം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

5 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. സംഘടിപ്പിച്ച Colloquium-ത്തിൽ സംബന്ധിച്ചു.

– പി.ഒ.സി.യിൽ കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ കേരള സംഘടിപ്പിച്ച ആശുപത്രി ഡയറക്ടർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

5-9– കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മെത്രാന്മാരുടെ ധ്യാനത്തിൽ സംബന്ധിച്ചു.

9 – കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

10 – പാസ്റ്ററൽ സെന്ററിൽ കൈക്കാരന്മാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

11 – ആലങ്ങാട് സെന്റ് മേരീസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിക്കുന്ന പള്ളിയുടെ ശിലാശീർവാദം നടത്തി. വൈദികമന്ദിരം വെഞ്ചരിച്ചു.

12 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

– മൈലംപുള്ളി ഹോളിഫാമിലി നോവിഷ്യേറ്റ് ഹൗസിൽ നോവിസ്സസിന് ക്ലാസ്സെടുത്തു.

13 – രൂപതാകാര്യാലയത്തിൽ പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

– പൊൽപ്പുള്ളി എഫ്.സി.സി. നോവിഷ്യേറ്റ് ഹൗസിൽ നോവിസ്സസിന് ക്ലാസ്സെടുത്തു.

14 – വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക്ക് കോളേജ് സന്ദർശിച്ചു.





– വടക്കഞ്ചേരി ദൈവദാൻ സെന്റർ സന്ദർശിച്ച് അന്തേവാസികൾക്ക് മധുരപലഹാരം വിതരണം ചെയ്തു.

15 – കാലടിയിൽ പ്രേഷിതാരാം സന്യാസ സഭ മേജർ അർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനോടനുബന്ധിച്ച് ജനറലേറ്റിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– പറപ്പൂർ ഫൊറോന പള്ളിയിൽ അഭിവന്ദ്യ മാർ ബോസ്കോ പിതാവിന്റെ സഹോദരൻ ലോനയുടെ മൃതദേഹസംസ്കാര പ്രാരംഭ ശുശ്രൂഷയിൽ സംബന്ധിച്ചു.

– അമല ആശുപത്രിയിൽ രോഗി സന്ദർശനം നടത്തി

16 – അരമനയിൽ രൂപതയിലെ സന്യാസിനീ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

18 – കോടംതുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

19 – രണ്ടാഴ്ച നീണ്ടുനിൽക്കുന്ന സീറോമലബാർ മെത്രാന്മാരുടെ സിനഡ് സമ്മേളനം കാക്കനാട് സഭാകേന്ദ്രത്തിൽ ആരംഭിച്ചു.